സബ്മിഷൻ

(1) കോട്ടക്കൽ വളാഞ്ചേരി ടൗണുകളിൽ പൊലീസ് ട്രാഫിക് യൂണിറ്റ് അനുവദിക്കൽ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, നമ്മുടെ സംസ്ഥാനത്തിലെ യുവാക്കളെയും അവരുടെ നിലനിൽപ്പിനെയുമുൾപ്പെടെ തകർത്തെറിയുന്ന ലഹരി മാഫിയക്കെതിരെ, അവരെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള 'ഓപ്പറേഷൻ ക്ലീൻ' 'ക്ലീൻ തദ്ദേശം' എന്നീ വ്യത്യസ്തമായ നടപടികളൊക്കെ സ്വീകരിച്ച് കേരളത്തിന്റെ നിലനിൽപ്പ് സുഭദ്രമാക്കാൻ ശ്രമിക്കുന്ന ആഭ്യന്തര വകുപ്പിന്റെയും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെയും നിലപാടുകളൊക്കെ ശ്ലാഘനീയമാണ്. അതിനായി മുന്നോട്ടുവരുന്ന ഗവൺമെന്റിനെയും വകുപ്പുമന്ത്രിയെയുമൊക്കെ അഭിനന്ദിക്കുന്നതിനോടൊപ്പം അതിനെല്ലാം നേതൃത്വം നൽകുന്ന പൊലീസ് സേന നേരിടുന്ന വലിയ പ്രയാസങ്ങളും മലപ്പുറത്തെയും കോട്ടക്കലിലെയും പ്രശ്നങ്ങളും അങ്ങയുടെ ശ്രദ്ധയിൽക്കൊണ്ടുവരുന്നതിനാണ് ഈ സബ്മിഷനിലൂടെ ഞാൻ ശ്രമിക്കുന്നത്. കേരളത്തിൽ വർധിച്ചുവരുന്ന ജനസംഖ്യ, കുറ്റകൃത്യങ്ങളുടെ സ്വഭാവമാറ്റം, നഗരവൽക്കരണം എന്നിവ കണക്കിലെടുക്കുമ്പോൾ

Submission

സംസ്ഥാന പൊലീസ് സേനയുടെ അംഗബലം കാലാനുസൃതമായി വർധിപ്പിക്കേണ്ടതുണ്ട്. വിപുലമായ ചുമതലകൾ നിറവേറ്റുന്നതിനായി നിലവിലുള്ള സേനാംഗങ്ങളുടെ എണ്ണം തികച്ചും അപര്യാപ്തമാണ്. 3.5 കോടിയോളം വരുന്ന ജനസംഖ്യയിൽ അഞ്ഞൂറ് പേർക്ക് ഒരു പൊലീസ് ഉദ്യോഗസ്ഥൻ എന്ന ദേശീയ-അന്തർദേശീയ നിലവാരം പുലർത്താൻ കേരളത്തിൽ കുറഞ്ഞത് ഏഴായിരം മുതൽ പതിനായിരംവരെ പൊലീസ് തസ്തികകൾ ആവശ്യമാണ്. ജനസംഖ്യയിൽ സ്ത്രീകൾ മുന്നിൽ നിൽക്കുന്ന സംസ്ഥാനമായ കേരളത്തിലെ പൊലീസ് സേനയിലെ വനിതാ പ്രാതിനിധ്യം വെറും ആറ് ശതമാനം മാത്രമാണ്. കേരളത്തിലെ 3.5 കോടി ജനസംഖ്യയിൽ 45 ലക്ഷം ജനങ്ങൾ (അതായത് 13 ശതമാനം) മലപ്പുറം ജില്ലയിലാണുള്ളത്. പൊലീസ് സ്റ്റേഷനുകളുടെ കണക്കനുസരിച്ച് കേരളത്തിൽ 480 പൊലീസ് സ്റ്റേഷനുകളുള്ളപ്പോൾ മലപ്പുറം ജില്ലയിൽ 34 ലോക്കൽ പൊലീസ് സ്റ്റേഷനുകളാണുള്ളത്. ജനസംഖ്യാനുപാതികമായി കേരളത്തിൽ മൊത്തത്തിൽ 650 പേർക്ക് ഒരു പൊലീസ് ഉദ്യോഗസ്ഥൻ എന്ന നിലയുള്ളപ്പോൾ, മലപ്പുറം ജില്ലയിൽ 1700-2000 പേർക്ക് ഒരു

പൊലീസ് ഉദ്യോഗസ്ഥൻ മാത്രമാണ് നിലവിലുള്ളത്. മലപ്പുറം, കോഴിക്കോട് തുടങ്ങിയ ഉയർന്ന ജനസംഖ്യയുള്ള ജില്ലകളിൽ പൊലീസ് ജനസംഖ്യാനുപാതം 1:1000 മുതൽ 1:2000 വരെയാണ്. ഇത് സേവന ലഭ്യതയിൽ വലിയ അസന്തുലിതാവസ്ഥയാണുണ്ടാക്കുന്നത്. ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള മലപ്പുറം ജില്ല, സംസ്ഥാനത്തിൽ ജനസംഖ്യാനുപാതമായി പൊലീസ് സേനാംഗങ്ങളുടെ എണ്ണത്തിൽ ഏറ്റവും പിന്നിൽ നിൽക്കുന്ന ജില്ലയുമാണ്. മറ്റ് ജില്ലകളിൽ ശരാശരി അറുപതിനായിരം മുതൽ എൺപതിനായിരം വരെ ആളുകൾക്ക് ഒരു പൊലീസ് സ്റ്റേഷനുള്ളപ്പോൾ മലപ്പുറം ജില്ലയിലെ പല സ്റ്റേഷൻ പരിധികളിലും 1.2 ലക്ഷം മുതൽ 1.75 ലക്ഷം വരെയുള്ള ആളുകൾക്ക് ഒരു പൊലീസ് സ്റ്റേഷനെ ആശ്രയിക്കേണ്ടിവരുന്നു. എന്റെ നിയോജകമണ്ഡലത്തിലെ വളാഞ്ചേരി, കോട്ടക്കൽ, കുറ്റിപ്പുറം, കാടാമ്പുഴ സ്റ്റേഷനുകളിലെ കണക്കുകൾ കൃത്യമായി എന്റെ കൈവശമുണ്ട്. അത് അങ്ങേയ്ക്ക് നൽകാം. നിലവിലെ സ്ഥിതിയനുസരിച്ച് നിരവധി പൊലീസ് ഉദ്യോഗസ്ഥരെ ഇനിയും നിയമിക്കേണ്ടതുണ്ട്. ഈ സന്ദർഭത്തിൽ ഓരോ പൊലീസ്

ഉദ്യോഗസ്ഥർക്കും അന്വേഷിക്കേണ്ടിവരുന്ന കേസുകളുടെ എണ്ണം, പതിനാറ് മുതൽ ഇരുപത്തിനാല് മണിക്കൂർവരെ ജോലി ചെയ്യേണ്ടതായി വരുന്നതിന്റെ പ്രയാസങ്ങൾ എന്നിവയുടെയെല്ലാം ഭാഗമായി ജീവനക്കാർക്കിടയിൽ കടുത്ത മാനസിക സമ്മർദവും ആരോഗ്യപ്രശ്നങ്ങളുമാണ് നിലവിലുള്ളത്. വാഹനങ്ങൾ ഇല്ലാത്തതിനാൽ രാത്രികാല പട്രോളിങ് പലപ്പോഴും നടക്കുന്നില്ല. ആഭ്യന്തര വകുപ്പിന്റെ ഫ്ലാഗ്ഷിപ് പദ്ധതിയായ തുഫാനെക്കുറിച്ച് ഇവിടെ ഞാൻ സൂചിപ്പിച്ചു. ഇത്തരം പദ്ധതികൾ നടക്കണമെങ്കിൽ പൊലീസ് സേനയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. വളാഞ്ചേരി, കോട്ടക്കൽ എന്നീ പ്രദേശങ്ങളിൽ വലിയ രീതിയിലുള്ള ട്രാഫിക് പ്രശ്നങ്ങളും പ്രയാസങ്ങളും നേരിടുന്നുണ്ട്. ആര്യവൈദ്യശാല സ്ഥിതി ചെയ്യുന്നതും ഒട്ടനവധി വിദേശികളെത്തുന്നതുമായ പ്രദേശം നിലയ്ക്ക് കോട്ടക്കൽ വലിയ പ്രയാസങ്ങളാണ് അനുഭവിക്കുന്നത്. ആറ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും രണ്ട് മുനിസിപ്പാലിറ്റിയുമുൾപ്പെടുന്ന കോട്ടക്കൽ, വളാഞ്ചേരി പ്രദേശത്ത് ഒരു ട്രാഫിക് യൂണിറ്റ് ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ അങ്ങയുടെ

ഭാഗത്തുനിന്നുമുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്. അതോടൊപ്പം മലപ്പുറം ജില്ലയിലെ പൊലീസ് സേനകളുടെ അംഗബലം വർധിപ്പിക്കുന്നതിനും മണ്ഡലത്തിൽ പോലീസ് യൂണിറ്റ് അനുവദിക്കുന്നതിനും. ഒപ്പം എന്റെ നിയോജകമണ്ഡലത്തിലുള്ള കാടാമ്പുഴ പൊലീസ് സ്റ്റേഷൻ നിലവിൽ താനൂർ ഡിവൈ.എസ്.പി. ഓഫീസിന്റെ പരിധിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കാടാമ്പുഴയിൽനിന്നും താനൂരിൽ എത്തുന്നതിന് ഏകദേശം 40 കിലോമീറ്ററോളം യാത്ര ചെയ്യേണ്ടതുണ്ട്. അതിനാൽ കാടാമ്പുഴ പൊലീസ് സ്റ്റേഷൻ, വളാഞ്ചേരി/കോട്ടക്കൽ സർക്കിളിൽ ഉൾപ്പെടുത്തി ഉത്തരവ് ക്രമീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നുകൂടി ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട അംഗമായ ആബിദ് ഹുസൈൻ തങ്ങൾ ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. കേരള പൊലീസ് സേനയിൽ ജനസംഖ്യാനുപാതികമായി നോക്കുകയാണെങ്കിൽ പൊലീസിന്റെ എണ്ണം

കുറവാണ്. ക്രമസമാധാന പ്രശ്നങ്ങളും കുറ്റകൃത്യങ്ങളുടെ അന്വേഷണവുമെല്ലാംകൂടി വരുമ്പോൾ നിലവിലുള്ള പൊലീസുകാരുടെ ജോലിഭാരം വർധിക്കുന്നുവെന്നത് സത്യമാണ്. ജനസംഖ്യാനുപാതികമായി നോക്കുമ്പോൾ പൊലീസുകാരുടെ എണ്ണം വർധിപ്പിക്കേണ്ടതും ആവശ്യമാണ്. ഔദ്യോഗിക കണക്കുകൾപ്രകാരം കേരള പൊലീസ് വകുപ്പിൽ ഉദ്യോഗസ്ഥ ജനസംഖ്യാനുപാതം 1:656 എന്ന നിലയിലാണ്. എന്നാൽ സംസ്ഥാനത്തെ ജനസംഖ്യാ വർധനവ്, സാങ്കേതികവിദ്യയുടെ വർച്ചയ്ക്കനുസൃതമായി കുറ്റകൃത്യങ്ങളുടെ സ്വഭാവത്തിലുണ്ടായ മാറ്റം, നഗരവൽക്കരണം തുടങ്ങിയ വിവിധ കാരണങ്ങളാൽ സാധാരണ പൊലീസ് സ്റ്റേഷൻ ഡ്യൂട്ടികൾക്കുപുറമെ പൊലീസ് ഉദ്യോഗസ്ഥരുടെ സേവനം മറ്റുവിവിധ മേഖലകളിലേക്ക് വ്യാപിക്കേണ്ടതായിവന്നിട്ടുണ്ട്. ഇപ്രകാരം ജനസാന്ദ്രത കൂടുതലുള്ള സ്ഥലങ്ങളിൽ പൊതുസമാധാനം നിലനിർത്തുന്നതിനും ഗതാഗത നിയന്ത്രണത്തിനും സമാധാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കൂടുതൽ പൊലീസുദ്യോഗസ്ഥരുടെ സേവനം അനിവാര്യമാണ്. കൂടാതെ ആധുനിക സാങ്കേതികവിദ്യകൾ ദുരുപയോഗം ചെയ്യും മറ്റും നടന്നുവരുന്ന സൈബർ

കുറ്റങ്ങൾ, ഓൺലൈൻ തട്ടിപ്പുകൾ, വ്യാജപ്രചരണങ്ങൾ, സാമ്പത്തിക തിരിമറികൾ തുടങ്ങിയ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരുടെ എണ്ണം വർധിച്ചുവരുന്നതിനാൽ ഇത്തരം ഹൈ-ടെക് കുറ്റകൃത്യങ്ങൾ തുടയുന്നതിനും ഈ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട കേസുകളുടെ ഫലപ്രദമായ അന്വേഷണത്തിനും സാങ്കേതികമായ പരിജ്ഞാനമുള്ള പൊലീസ് ഉദ്യോഗസ്ഥരുൾപ്പെടെയുള്ളവരുടെ സേവനം വേണ്ടിവരുന്നുണ്ട്. സംസ്ഥാനത്തെ ലഹരി മാഫിയയെ അമർച്ച ചെയ്യുന്നതിനുവേണ്ടി സ്തുത്യർഹമായ പങ്കാണ് കേരള പൊലീസ് നിറവേറ്റിക്കൊണ്ടിരിക്കുന്നത്. ഓപ്പറേഷൻ ഡ്രഫാൻ പോലെയുള്ള പദ്ധതികൾ നടപ്പാക്കുമ്പോൾ അതിനും കൂടുതൽ പൊലീസുകാരുടെ സേവനം അനിവാര്യമായിട്ടുണ്ട്. ഈ വസ്തുതകൾ കണക്കിലെടുക്കുമ്പോൾ ജനസംഖ്യാനുപാതികമായി പൊലീസ് സേനയുടെ എണ്ണം വർധിപ്പിക്കേണ്ടതുണ്ട്. ഇതിനാവശ്യമായ നടപടികൾ സർക്കാർ പരിശോധിച്ചുവരികയാണ്. കൂടാതെ, പൊലീസ് സേനയിലെ വനിതാ പ്രാതിനിധ്യം വർധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഉടൻതന്നെ അക്കാര്യത്തിലൊരു പ്രഖ്യാപനം

നടത്താൻ കഴിയുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ജനസംഖ്യാനുപാതികമായി പൊലീസ് സ്റ്റേഷനുകളുടെ എണ്ണം വർധിപ്പിക്കുന്നതിന്റെ ഭാഗമായി മലപ്പുറം ജില്ലയിലെ എടപ്പാളിൽ ഒരു പുതിയ പൊലീസ് സ്റ്റേഷൻ എന്ന നിർദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ് എന്ന വിവരം അങ്ങയിലൂടെ ബഹുമാനപ്പെട്ട ആബിദ് ഹുസൈൻ തങ്ങളെ അറിയിക്കുന്നു. മുൻ സർക്കാരിന്റെ കാലത്ത് കോട്ടക്കൽ-വളാഞ്ചേരി എന്നിവിടങ്ങളിൽ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി സമർപ്പിച്ച പദ്ധതി നിർദേശം നിരസിച്ചിരുന്നു. എന്നാൽ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ പ്രത്യേക ആവശ്യം പരിഗണിച്ചുകൊണ്ട് ഈ രണ്ട് സ്ഥലങ്ങളിലൊരിടത്ത് അതായത്, കോട്ടക്കലോ വളാഞ്ചേരിയിലോ ഏതെങ്കിലും ഒരു സ്ഥലം അദ്ദേഹം നിർദേശിച്ചാൽ നിലവിലുള്ള പൊലീസുകാരെ റീ-അറേഞ്ച് ചെയ്തുകൊണ്ട് ഒരു ട്രാഫിക് പൊലീസ് സ്റ്റേഷൻ/സംവിധാനം അവിടെ അനുവദിക്കുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കാടാമ്പുഴയുമായി ബന്ധപ്പെട്ട കാര്യം പറഞ്ഞത് ശരിയാണ്. അദ്ദേഹത്തിന്റെ നിവേദനം ലഭിച്ചിരുന്നു. ഇപ്പോൾ

തിരൂർ ഡിവൈ.എസ്.പി.-യുടെ അടുക്കൽവരെ പോകേണ്ട അവസ്ഥയുണ്ട്. അതുമാറ്റി, അദ്ദേഹം നിർദേശിച്ച രീതിയിൽ കാടാമ്പുഴ ഏരിയ, പുതിയ സ്റ്റേഷനിലേക്ക് മാറ്റിക്കൊടുക്കാൻ നടപടി സ്വീകരിക്കുമെന്നുകൂടി അറിയിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ സത്വര ശ്രദ്ധയിൽപ്പെടേണ്ടൊരു കാര്യമാണ്. ഒരു ചെറുപ്പക്കാരൻ വാഹനമോടിച്ച് കൊലപാതകങ്ങളിലേക്ക് എത്തിയ സംഭവം നിയമസഭയിൽ തന്നെ നേരത്തെ ചർച്ചചെയ്താണ്. സമാനമായ തരത്തിലൊരു സംഭവം വീണ്ടുമുണ്ടായിരിക്കുന്നു. ഇത് അതീവ ഗൗരവമായ കാര്യമാണ്. ഈ സംഭവത്തിലും മറ്റുതരത്തിലുള്ള ഇടപെടൽ, കുട്ടിയുടെയും അച്ഛന്റെയും ഭാഗത്തുനിന്നുമുണ്ടാകുന്നതായി കാണുന്നുണ്ട്. അങ്ങയുടെ ശ്രദ്ധയിലും ഇക്കാര്യമുണ്ടാകും. ഇത് ഗൗരവമായിതന്നെ പരിഗണിക്കണമെന്നുകൂടി ഈ ഘട്ടത്തിൽ അഭ്യർഥിക്കുകയാണ്.

Submission

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ ഉന്നയിച്ച കാര്യം ശരിയാണ്. വളരെ ദാരുണമായ ഒരു സംഭവമാണ് ഇന്നലെ എറണാകുളത്തെ ചേരാനല്ലൂർ പൊലീസ് സ്റ്റേഷൻ പരിധിയിലുണ്ടായത്. തട്ടുകട നടത്തിക്കൊണ്ടിരിക്കുന്ന ഒരു പാവം മനുഷ്യൻ കട അടച്ചതിനുശേഷം അരിയും സാധനങ്ങളുമായി വീട്ടിലേക്ക് മടങ്ങും വഴിക്കാണ് ഒരു വാഹനം ഇടിക്കുകയും ആശുപത്രിയിൽ എത്തിക്കുന്നതിനിടയ്ക്ക് മരണം സംഭവിക്കുകയുമാണുണ്ടായത്. അരിയും പലവ്യഞ്ജനങ്ങളും അദ്ദേഹത്തിന്റെ കണ്ണടയും റോഡിൽ ചിതറികിടക്കുന്ന വളരെ ദാരുണമായ സംഭവം മാധ്യമങ്ങളിലൂടെ നാം കണ്ടതാണ്. ഈ സംഭവത്തിൽ ആദ്യം പൊലീസിന്റെ ഭാഗത്തുനിന്നും ചെറിയൊരു അപാകതയുണ്ടായിട്ടുണ്ട്. അക്കാര്യം അറിഞ്ഞയുടൻതന്നെ ഞാൻ കമ്മീഷണറോടും ഡി.ജി.പി.-യോടും സംസാരിച്ചിരുന്നു. ചേരാനല്ലൂർ പൊലീസ് സ്വീകരിച്ച ആദ്യത്തെ നടപടി ശരിയല്ല എന്നാണ് എന്റെ അഭിപ്രായം. വാഹനം ഇടിച്ച് പാവപ്പെട്ട ഒരു മനുഷ്യൻ മരണപ്പെട്ടപ്പോൾ Culpable Homicide

Submission

ഉൾപ്പെടെയുള്ള വകുപ്പുകൾ ചുമത്തി കേസ് രജിസ്റ്റർ ചെയ്യണമായിരുന്നു. അതുൾപ്പെടുത്താത്തത് തെറ്റായ നടപടിയാണ്. അക്കാര്യം പുന:പരിശോധിക്കണമെന്ന് ഡി.ജി.പി.-യോട് ആവശ്യപ്പെട്ടു. ഡി.ജി.പി.-യും എ.ഡി.ജി.പി. (ലാ ആൻഡ് ഓർഡർ)-യും ഇടപെട്ട് അവ പരിശോധിച്ചശേഷം പ്രസ്തുത വകുപ്പുകൾ ചേർത്തുകൊണ്ട് കേസ് രജിസ്റ്റർ ചെയ്തു. പ്രതിയെ ജൂവനൈൽ മജിസ്ട്രേറ്റിനുമുമ്പാകെ ഹാജരാക്കി, അപ്പോൾതന്നെ ജാമ്യം അനുവദിച്ചത് സർപ്രൈസായാണ് എനിക്ക് തോന്നിയത്. സാധാരണഗതിയിൽ ഇത്തരം കേസുകൾക്ക് ജൂവനൈൽ മജിസ്ട്രേറ്റ് ജാമ്യം അനുവദിക്കാറുള്ളതല്ല. ജാമ്യം റദ്ദ് ചെയ്യാനുള്ള നടപടി ഇന്നുതന്നെ സ്വീകരിക്കണമെന്നാണ് പൊലീസിന് നിർദേശം നൽകിയിട്ടുള്ളത്. ഒരു കാരണവശാലും ആ പ്രതിയോ, പ്രതി മൈനർ ആയതിനാൽ വാഹനം അദ്ദേഹത്തിന്റെ പേരിലല്ല, വാഹനം ജഡ്ജിയുടെ പേരിലാണെന്ന് പറയുന്നു. വേണ്ടിവന്നാൽ, ജഡ്ജിക്കെതിരെ കേസ് എടുത്ത് ശക്തമായ നടപടിയുമായി മുന്നോട്ടുപോകും. കേരളത്തെ ഞെട്ടിപ്പിച്ച സംഭവമാണിത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ വികാരത്തോട്

ഞാൻ പൂർണ്ണമായും യോജിക്കുന്നു. ഒരു കാരണവശാലും പ്രതി രക്ഷപ്പെടാനുള്ള അവസരം ഉണ്ടാകില്ല. ശക്തമായ നടപടിയുമായിതന്നെ പൊലീസ് മുന്നോട്ടുപോകും. അക്കാര്യത്തിൽ സർക്കാരിന് വളരെ നിർബന്ധ ബുദ്ധിയുണ്ട്. നീതി എല്ലാവർക്കും ഒരുപോലെയാണ്. ന്യായവും നീതിയും പുലർത്തേണ്ടത് ഗവൺമെന്റിന്റെയും പൊലീസിന്റെയും ചുമതലയാണ്. അതിൽ പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ വ്യത്യാസമില്ലാതെ എല്ലാവരും ഒരുപോലെയാണ്. നീതിനിർവഹണമാണ് ഏറ്റവും പ്രധാനപ്പെട്ടത്. ഇത്തരത്തിലുള്ള റോഡപകടങ്ങളിലൂടെ മരണപ്പെടുന്ന ആളുകളുടെ എണ്ണം കേരളത്തിൽ വർധിച്ചുവരികയാണ്. ഇത് ഗൗരവതരമായി തന്നെയാണ് ഗവൺമെന്റ് എടുക്കുന്നത്. ഒരു വീഴ്ചയും ഉണ്ടാകില്ലെന്നും ശക്തമായ നടപടി ഉണ്ടാകുമെന്നും അങ്ങയിലൂടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് ഞാൻ ഉറപ്പുനൽകുന്നു.

(2) <u>പരിയാരം വില്ലേജിലെ ESA മാപ്പിങ്ങിലെ പിഴവുകൾ</u>

<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: സർ, ചാലക്കുടി താലൂക്കിലെ പരിയാരം, അതിരപ്പിള്ളി വില്ലേജുകളെ തെറ്റായ വിവരങ്ങളുടെ

അടിസ്ഥാനത്തിൽ പരിസ്ഥിതിലോല മേഖല പരിധിയിൽ ഉൾപ്പെടുത്തിയത് പുനഃപരിശോധിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

വന്യമൃഗങ്ങളുടെ കാടിറക്കവും കാലാവസ്ഥാ പ്രശ്നങ്ങളും കാർഷിക പ്രതിസന്ധിയുംമൂലമുള്ള കഠിനകാലത്തെ നേരിടുന്നതിനിടയിലാണ് പരിസ്ഥിതിലോല പ്രദേശമായി പ്രഖ്യാപിച്ചുകൊണ്ടുള്ള കരട് വിജ്ഞാപനം കേന്ദ്രം വീണ്ടും പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഇത് മലയോരജനതയെ അരക്ഷിതാവസ്ഥയിലേക്കും ആശങ്കയിലേക്കും തള്ളിവിടുന്നതാണ്. പരിസ്ഥിതിലോല മേഖല പദവി ലഭിക്കുന്നതോടെ ഭൂമിയുടെ വിപണി വില കുറയുന്നതിനും വിദ്യാഭ്യാസ-വിവാഹ-ചികിത്സാ ആവശ്യങ്ങൾക്ക് വായ്പ ലഭിക്കുന്നതിനും പ്രയാസമുണ്ടാകും. വീടുകൾ പുതുക്കി പണിയുന്നതിനും കൃഷിയിടങ്ങളിൽ പുതിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും അധിക അനുമതികൾ വേണ്ടിവരുമോയെന്ന ആശങ്കയുമുണ്ട്. ESA വില്ലേജുകളുടെ സാമ്പത്തിക-സാമൂഹിക അഭിവൃദ്ധി ക്രമേണ ക്ഷയിക്കും.

കൃഷിയേയും ടൂറിസത്തെയും മാത്രം ആശ്രയിക്കുന്ന മലയോര ജനതയെ ദാരിദ്ര്യത്തിലേക്ക് തള്ളിവിടും.

ചാലക്കുടി താലൂക്കിലെ അതിരപ്പിള്ളി, പരിയാരം എന്നീ രണ്ട് വില്ലേജുകളാണ് ESA പരിധിയിൽ ഉൾപ്പെട്ടിട്ടുള്ളത്. വില്ലേജുകളുടെ അതിർത്തി വിസ്തൃതി സംബന്ധിച്ച കണക്കുകളിൽ വലിയ വൈരുദ്ധ്യമാണുള്ളത്. പരിയാരം വില്ലേജിന്റെ വിസ്തീർണ്ണം 302.95 ചതുരശ്ര കിലോമീറ്ററായും അതിരപ്പിള്ളി വില്ലേജിന്റെ വിസ്തീർണ്ണം 340.46 ചതുരശ്ര കിലോമീറ്ററായും തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. റവന്യൂ വകുപ്പിന്റെ രേഖകൾ പ്രകാരം നിലവിലെ പരിയാരം വില്ലേജ് പരിധിയിൽ വനഭൂമി ഇല്ലാത്തതും പൂർണ്ണമായും ജനവാസമേഖലയും കൃഷിഭൂമിയുമാണ്. 2013-ലെ സർക്കാർ ഉത്തരവുപ്രകാരമാണ് പഴയ പരിയാരം വില്ലേജിനെ വിഭജിച്ച് പരിയാരം, അതിരപ്പിള്ളി എന്നീ രണ്ട് വില്ലേജുകളായി പുനഃസംഘടിപ്പിച്ചിട്ടുള്ളത്. റവന്യൂ രേഖകൾ പ്രകാരം പുതിയ പരിയാരം വില്ലേജിന്റെ ആകെ വിസ്തീർണ്ണം 26.48 ചതുരശ്ര കിലോമീറ്ററും അതിരപ്പിള്ളി വില്ലേജിന്റെ ആകെ വിസ്തീർണ്ണം 86.04 ചതുരശ്ര

കിലോമീറ്ററും ആണ്. റവന്യൂ-വനം വകുപ്പുകളുടെ ഔദ്യോഗിക രേഖകൾ പരിശോധിച്ചാൽ തന്നെ ഈ പിഴവുകൾ ബോധ്യമാകും.

വനത്തിനോട് ചേർന്നുകിടക്കുന്ന എന്ന കാരണത്താൽ മാത്രം ജനവാസമേഖലയെ പരിസ്ഥിതിലോല മേഖലയാക്കുന്നത് അംഗീകരിക്കാനാകില്ല. ചാലക്കുടി താലൂക്കിലെ പരിയാരം വില്ലേജുമായി ബന്ധപ്പെട്ട മുഴുവൻ ESA രേഖകളും പരിശോധിച്ച് തെറ്റായ ഭൂപടങ്ങളും വിവരങ്ങളും തിരുത്തി ജനങ്ങളുടെ നിയമാനുസൃതമായ അവകാശങ്ങളും താൽപര്യങ്ങളും സംരക്ഷിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്): സർ, ESA കരട് വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ വിശദമായ Geographical Information System (GIS) വിശകലനം, സ്ഥലപരിശോധന, ജില്ലാതല-തദ്ദേശതല പരിശോധനകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അഭിപ്രായങ്ങൾ എന്നിവ പരിഗണിച്ചാണ് പരിഷ്കരിച്ച ESA നിർദേശം തയ്യാറാക്കി കേന്ദ്ര

സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്. ജനവാസമേഖലകൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ, ഒറ്റപ്പെട്ട വനപ്രദേശങ്ങൾ എന്നിവ സംസ്ഥാനത്തിന്റെ പരിസ്ഥിതിലോല പ്രദേശത്തിന്റെ പരിധിയിൽനിന്നും പൂർണ്ണമായും ഒഴിവാക്കണമെന്നുള്ള ശക്തവും വ്യക്തവുമായ നിലപാടാണ് നമുക്കുള്ളത്. അക്കാര്യത്തിൽ നിയസഭ തന്നെ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുള്ളതുമാണ്.

തൃശ്ശൂർ ജില്ലയുടെ കിഴക്കൻ മേഖലയിൽ തമിഴ്നാട് അതിർത്തി വരെ വ്യാപിച്ചുകിടക്കുന്ന വിശാലമായ വനഭൂമിയും വനഭൂമിയിൽ പാട്ടത്തിന് അനുവദിച്ചിട്ടുള്ള തോട്ടങ്ങളും നിലനിൽക്കുന്നു. 05-06-2024-ൽ തൃശ്ശൂർ ജില്ലാ കളക്ടർ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടുപ്രകാരം അതിരപ്പിള്ളി വില്ലേജിൽ 348.59 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിലും പരിയാരം വില്ലേജിൽ 341.76 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിലും ഭൂമിയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ അധികപ്രദേശവും വനഭൂമിയാണ്. 08-09-2026-ന് ചാലക്കുടി തഹസിൽദാർ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിലും വനപ്രദേശത്തിന്റെ വിസ്തീർണ്ണ വിവരങ്ങൾ വില്ലേജ് റെക്കാർഡുകളിൽ

ലഭ്യമല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ വനമേഖലകൾ, വനഭ്രമിയോട് അതിർത്തി പങ്കിടുന്ന റവന്യൂ വില്ലേജുകളുടെ ഭരണപരമായ അതിർത്തിക്കുള്ളിൽ ഉൾപ്പെട്ടിട്ടുണ്ട്. കസ്തൂരിരംഗൻ റിപ്പോർട്ടുപ്രകാരം ഈ മേഖലയിലെ പരിസ്ഥിതിലോല പ്രദേശമായി അവിഭക്ത പരിയാരം വില്ലേജ് മാത്രമാണ് ഉൾപ്പെട്ടിരുന്നത്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നൽകിയിട്ടുള്ള വില്ലേജ് നിർണ്ണയ രേഖകളിൽ ജില്ലയുടെ കിഴക്കൻ ഭാഗത്തെ മുഴുവൻ വനമേഖലയും ഉൾക്കൊള്ളുന്ന തരത്തിൽ ഒരു വില്ലേജിന്റെ അതിർത്തി മാത്രമാണ് സൂചിപ്പിക്കുന്നതെന്ന് കാണുന്നു. 2014-ൽ ഡോ. വി. ഉമ്മൻ കമ്മിറ്റി തയ്യാറാക്കിയ റിപ്പോർട്ടിലും പരിയാരം വില്ലേജിന്റെ വിസ്തൃതി വ്യതിയാനം സംബന്ധിച്ച് യാതൊന്നും രേഖപ്പെടുത്തിയിട്ടില്ല. നിലവിൽ പരിസ്ഥിതി വകുപ്പ് തയ്യാറാക്കിയിരിക്കുന്ന ESA വില്ലേജുകളുടെ അതിർത്തി സംബന്ധിച്ച രേഖകൾ Kerala State Remote Sensing and Environment Centre (KSREC) ഔദ്യോഗികമായി കൈമാറി നൽകിയിട്ടുള്ള വിവരങ്ങൾ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്.

Submission

സംസ്ഥാനത്തെ വില്ലേജുകളുടെ അതിർത്തി നിർണ്ണയിക്കുന്നത് റവന്യൂ വകുപ്പാണ്. സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുള്ള ESA സംബന്ധിച്ച ഭേദഗതി നിർദേശങ്ങളിലും തയ്യാറാക്കിയിട്ടുള്ള മാപ്പിലും പരിയാരം, അതിരപ്പിള്ളി വില്ലേജുകളുടെ ജനവാസമേഖലകളെയും കൃഷിസ്ഥലങ്ങളെയും സ്വകാര്യതോട്ടങ്ങളെയും പൂർണ്ണമായും ESA പരിധിയിൽനിന്ന് ഒഴിവാക്കിയിട്ടുള്ളതാണ്. ആയതിനാൽ തൃശ്ശൂർ ജില്ലയിലെ എല്ലാ വില്ലേജുകളുടെയും പ്രത്യേകിച്ച് വനമേഖലകളോട് അതിർത്തി പങ്കിടുന്ന വില്ലേജുകളുടെ ആധികാരികമായ ഡിജിറ്റൽ ഭൂവിവരങ്ങൾ റവന്യൂ വകുപ്പിൽനിന്നും ലഭ്യമാക്കി പരിശോധിച്ച് ഇക്കാര്യത്തിൽ ജനങ്ങൾക്ക് വിവിധ തരത്തിലുള്ള ആശങ്കകളുണ്ടെങ്കിൽ അത് ദൂരീകരിക്കാവുന്നതാണ്. വിവരങ്ങൾ ഡിജിറ്റൽ GIS ഫോർമാറ്റുകളിൽ ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിനുമുമ്പും ശ്രീ. സനീഷ്കുമാർ ജോസഫ് ഇക്കാര്യത്തെക്കുറിച്ച് എന്നോട് നേരിട്ട് സംസാരിച്ചിട്ടുണ്ട്, അദ്ദേഹത്തിന് മാപ്പുകൾ കാണിച്ചുകൊടുത്തിട്ടുണ്ട്.

പരിയാരം വില്ലേജിലെ ജനവാസ-കൃഷി-തോട്ടം മേഖലകളിൽ വരുന്ന 26.48 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിലുള്ള സ്ഥലത്തിൽ ഒരിഞ്ച് ഭൂമി പോലും ESA പരിധിയിൽ ഉൾപ്പെടുത്തുന്നതല്ല. 05-06-2024-ൽ കളക്ടർ സർക്കാരിലേക്ക് നൽകിയ റിപ്പോർട്ടുപ്രകാരം അതിരപ്പിള്ളിക്ക് 348.59 ചതുരശ്ര കിലോമീറ്ററും പരിയാരത്തിന് 341.76 ചതുരശ്ര കിലോമീറ്ററും വിസ്തൃതിയുണ്ടെന്നാണ് വ്യക്തമാക്കുന്നത്. പിന്നീട് 08-09-2026-ന് ചാലക്കുടി ഡി.എഫ്.ഒ. കളക്ടർക്ക് നൽകിയ റിപ്പോർട്ടിലെ ആറാം ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ളത്, 'In this office, no authentic village boundary KML file is available' എന്നാണ്. എന്നാൽ അതേ റിപ്പോർട്ടിലെ ഏഴാം ഖണ്ഡികയിൽ സൂചിപ്പിക്കുന്നത്, 'The above information is factual. As per the data cited, the area mentioned is based on a KML file' എന്നാണ്. KML File നിലവിൽ ഇല്ലായെന്ന് പറയുകയും അവസാനത്തെ ഖണ്ഡികയിൽ KML file-ന്റെ അടിസ്ഥാനത്തിലാണിതെന്നും പറയുന്നു. കളക്ടർ അവസാനം സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നത്, പശ്ചിമഘട്ട വനമേഖലയിൽ ഉൾപ്പെടുന്ന

അതിരപ്പിള്ളി, വാഴച്ചാൽ, പറമ്പിക്കുളം, ചിമ്മിണി തുടങ്ങിയ 600 ചതുരശ്ര കിലോമീറ്ററോളം വരുന്ന വിസ്തൃതമായ വനമേഖലകളും പരിസരപ്രദേശങ്ങളിലെ പരിസരവില്ലേജുകളായ മറ്റത്തൂർ, വരന്തരപ്പള്ളി, കോടശ്ശേരി എന്നീ പ്രദേശങ്ങളും മാപ്പിങ്ങിലെ സാങ്കേതിക പിഴവ് കാരണം പരിയാരം വില്ലേജ് എന്ന ഒറ്റപ്പേരിൽ തെറ്റായി ക്രമീകരിക്കപ്പെട്ടിരിക്കുന്നുവെന്നാണ്. ഇത്തരം തെറ്റുകളുണ്ടെന്ന് കളക്ടറുടെ റിപ്പോർട്ടിലും സമ്മതിക്കുകയാണ്. ഇപ്പോൾ ഡി.എഫ്.ഒ.-നൽകിയതും 2024-ൽ കളക്ടർ നൽകിയിരിക്കുന്നതുമായ റിപ്പോർട്ടുകൾ വ്യത്യസ്തമാണ്. അവയെല്ലാം പരിശോധിച്ച് ജനവാസമേഖലകൾ പൂർണ്ണമായും ഒഴിവാക്കുന്ന തരത്തിലുള്ള Map ആയിരിക്കും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയോടെ അന്തിമമായി നമ്മൾ പ്രസിദ്ധീകരിക്കുന്നത്.

(3) പ്രേംനസീർ കൾച്ചറൽ അക്കാദമി

ശ്രീമതി രമ്യ ഹരിദാസ്: സർ, ഈ സബ്മിഷൻ അവതരിപ്പിക്കാൻ അവസരം നൽകിയ സഭയോടും സഭാനാഥനോടും ആദ്യമേ ഞാൻ നന്ദി പറയുകയാണ്.

അപ്രതീക്ഷിതമായാണ് ചിറയിൻകീഴ് നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുവാനുള്ള അവസരം കൈവന്നത്. ഈ അവസരത്തെ ഞാനൊരു നിയോഗമായി കാണുന്നു. ലോകം മുഴുവൻ അറിയുന്ന, ആരാധിക്കുന്ന, അഭിനയത്തിൽ ഗിന്നസ് റെക്കോർഡുള്ള ഒരു മഹാപ്രതിഭയുടെ നൂറാം ജന്മവാർഷികത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. ഇത് എത്ര മലയാളികൾ ഓർക്കുന്നുണ്ടാകുമെന്നത് ഒരു ചോദ്യമാണ്. " ചന്ദ്രകളഭം ചാർത്തിയുറങ്ങും തീരം" , " നാളികേരത്തിന്റെ നാട്ടിലെനിക്കൊരു നാഴിയിടങ്ങഴി മണ്ണുണ്ട്" എന്നീ ഗാനങ്ങളെല്ലാം കേൾക്കുമ്പോൾ മലയാളിയുടെ മനസ്സിലേക്ക് ഓടിവരുന്ന ഒരു മുഖമുണ്ട്. ബഹുമാനപ്പെട്ട ചെയറിന്റെ മനസ്സിലും ആ മുഖം ഓർമ്മയായി വന്നുവെന്നത് ഞാൻ മനസ്സിലാക്കുന്നു. കേരളത്തിന്റെ അഭിമാനം, ചിറയിൻകീഴിന്റെ പുണ്യം, മലയാള സിനിമയെ സ്നേഹിക്കുന്നവരുടെ മനസിലെ നിത്യഹരിത നായകൻ പ്രേംനസീർ സാറിന്റെ നൂറാം ജന്മവാർഷികത്തിലൂടെയാണ് നമ്മൾ ഇന്ന് കടന്നുപോകുന്നത്. ഈ

സബ്മിഷൻ അവതരിപ്പിക്കുവാനായി എന്റെ വീട്ടിൽനിന്നും അദ്ദേഹത്തിന്റെ ഭവനത്തിന് മുന്നിലൂടെയാണ് ഇന്ന് ഞാൻ സഭയിലെത്തിയത്.

ലോകത്തിന്റെ മറ്റേതൊരു ഭാഗത്തായിരുന്നുവെങ്കിലും ലോകോത്തര നിലവാരത്തിൽ ശ്രദ്ധിക്കുന്ന അനുസ്മരണ ചടങ്ങുകളും സദസ്സുകളും നടക്കുമായിരുന്നു. പ്രേംനസീറിന്റെ നൂറാം ജന്മവാർഷികമായ 2026 സംസ്ഥാനതലത്തിൽ ശ്രദ്ധിക്കപ്പെടുന്ന അനുസ്മരണസദസ്സ് സംഘടിപ്പിക്കാതിരിക്കുന്നത് ചരിത്രത്തോട് കാണിക്കുന്ന അനീതിയും നീതികേടുമായി വിലയിരുത്തപ്പെടും. ഇത്രയുംകാലം അവഗണിക്കപ്പെട്ടു, സംസ്ഥാനതലത്തിൽ നൂറാം ജന്മവാർഷികം സമുചിതമായി ആഘോഷിക്കണമെന്ന് സഭയോട് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്. കൂടാതെ, 2027 ഏപ്രിൽ മാസം 7-ാം തീയതി 101-ാം ജന്മ വാർഷികം മുതൽ സർക്കാർതലത്തിൽ കേരള ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെയോ, ചലച്ചിത്ര അക്കാദമിയുടെയോ നേതൃത്വത്തിൽ എല്ലാ ജന്മദിനത്തിലും രണ്ടോ മൂന്നോ ദിവസമെങ്കിലും നീണ്ടുനിൽക്കുന്ന

ചലച്ചിത്രമേള, സിംമ്പോസിയം തുടങ്ങിയ അനുസ്മരണ സദസ്സ് ചിറയിൽകീഴിൽ പണി പൂർത്തീകരിച്ചുവരുന്ന പ്രേംനസീർ കൾച്ചറൽ അക്കാദമി കേന്ദ്രീകരിച്ച് നടത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്, നന്ദി.

വിനോദസഞ്ചാര-സാംസ്കാരിക വകുപ്പുമന്ത്രി (ശ്രീ. പി. സി. വിഷ്ണുനാഥ്): സർ, അനശ്വര നടൻ പ്രേംനസീറിന്റെ സ്മരണ നിലനിർത്തുന്നതിനും മലയാള സിനിമയ്ക്ക് അദ്ദേഹം നൽകിയ സമഗ്ര സംഭാവനകൾ പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്തുന്നതിനുമായി അദ്ദേഹത്തിന്റെ ജന്മനാടായ ചിറയിൻകീഴിൽ പ്രേംനസീർ സ്മാരക സാംസ്കാരിക നിലയം സ്ഥാപിക്കുന്നതിനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. ബഹുമാനപ്പെട്ട രമ്യാ ഹരിദാസ്, എം.എൽ.എ. ആയ സമയം മുതൽ നിരന്തരം ഈ വിഷയം ഗവൺമെന്റിന്റെയും സാസ്കാരിക വകുപ്പിന്റെയും ശ്രദ്ധയിൽ കൊണ്ടുവരുന്നുണ്ട്. അവിടെയിപ്പോൾ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. സ്മാരക

സമുച്ചയത്തിന്റെ ഭരണപരമായ മേൽനോട്ടം, പരിപാലനം, സംരക്ഷണം, എന്നിവയുടെയെല്ലാം ചുമതല സംസ്ഥാന ചലച്ചിത്ര അക്കാദമിക്കാണ് നൽകിയിട്ടുള്ളത്. ഈ സ്മാരക സമുച്ചയത്തിൽ, പ്രേംനസീർ മലയാള സിനിമയ്ക്ക് നൽകിയ സംഭാവനകൾ സമഗ്രമായി അടയാളപ്പെടുത്തുന്ന ഒരു മ്യൂസിയം ആരംഭിക്കുകയും നസീർ സിനിമകളുടെ പോസ്റ്ററുകൾ, സീൻ ഫോട്ടോകൾ, ലൊക്കേഷൻ സ്റ്റിൽ, ഓഡിയോ/വീഡിയോ റിക്കാർഡുകൾ, അപൂർവമായ മറ്റ് സ്മൃതിശേഖരങ്ങൾ എന്നിവ പ്രദർശിപ്പിക്കുകയും ചെയ്യും. അദ്ദേഹത്തിന്റെ സിനിമകളിലെ മികച്ച പ്രകടനങ്ങളുടെ ദൃശ്യാവിഷ്കാരങ്ങൾ, പാട്ടുകൾ, എന്നിവയടങ്ങിയ ഓഡിയോ/വീഡിയോ ഇൻസ്റ്റലേഷൻ അവിടെയുണ്ടാകും. Archiving of Prem Nazir Movies, അതായത് അദ്ദേഹം അഭിനയിച്ച സിനിമകൾ 4K ക്വാളിറ്റിയിൽ റീമാസ്റ്റർ ചെയ്ത് അടുത്ത തലമുറയ്ക്കുവേണ്ടി പരിരക്ഷിക്കും. സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ നേതൃത്വത്തിൽ 2027-ൽ അദ്ദേഹത്തിന്റെ ആധികാരികമായ ജീവചരിത്രം പുറത്തിറക്കും. അദ്ദേഹത്തിന്റെ പേരിൽ ഒരു ഫിലിം ക്ലബ്ബുണ്ടാക്കുകയും സ്മാരക സമുച്ചയത്തിലെ മിനി തീയേറ്ററിൽ എല്ലാ

ആഴ്ചയിലും ക്ലാസിക് സിനിമകളുടെ പ്രതിവാര പ്രദർശനം നടത്തുകയും ചെയ്യും. പ്രേംനസീറിന്റെ ജന്മവാർഷികവുമായി ബന്ധപ്പെട്ട് പ്രേംനസീർ ഫൗണ്ടേഷൻ, ചലച്ചിത്ര സംഘടനകളായ അമ്മ, ഫെഫ്ക, മാക്ട, പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ, ഡിസ്ട്രിബ്യൂട്ടേഴ്സ് അസോസിയേഷൻ എന്നിങ്ങനെയുള്ള എല്ലാ സംഘടനകളുമായി പ്രാഥമിക ചർച്ച നടത്തി. ഇത്തവണ അദ്ദേഹത്തിന്റെ നൂറാം ജന്മദിനവാർഷികമായതുകൊണ്ട്, 2026 ഡിസംബർ 11 മുതൽ 18 വരെ നടത്തുന്ന ഐ.എഫ്.എഫ്.കെ. (International Film Festival of Kerala) ചലച്ചിത്രമേളയിൽ നസീർ സ്മൃതി എന്ന നിലയിൽ 'ഇരുട്ടിന്റെ ആത്മാവ് ' ഉൾപ്പെടെ അദ്ദേഹം അഭിനയിച്ച അഞ്ച് ചലച്ചിത്രങ്ങൾ പ്രത്യേകമായി പരിഗണിച്ച് പ്രദർശിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഏപ്രിൽ ഏഴാം തീയതി തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽവച്ച് നസീറിന്റെ ജന്മശതാബ്ദി വിപുലമായി ആഘോഷിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും സാന്നിധ്യത്തിൽ നടക്കുന്ന പ്രസ്തുത ചടങ്ങിൽ സർവ്വശ്രീ. മമ്മൂട്ടി, മോഹൻലാൽ, സുരേഷ് ഗോപി

എന്നിവരുൾപ്പെടെ മലയാള സിനിമാ മേഖലയിലെ നിരവധിപേർ പങ്കെടുക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. അതിന് എം.എൽ.എ.-മാരെ ഉൾപ്പെടെ എല്ലാവരെയും ക്ഷണിക്കുന്നുണ്ട്. പ്രേംനസീറിന്റെ നൂറാം ജന്മശതാബ്ദി വാർഷികം വിപുലമായി ആഘോഷിക്കുമെന്ന കാര്യംകൂടി ഈ അവസരത്തിൽ അറിയിക്കുകയാണ്.

(4) അമ്പൂരി, കള്ളിക്കാട്, വാഴിച്ചൽ ജനവാസകേന്ദ്രങ്ങളെ ഇ.എസ്.എ. പരിധിയിൽനിന്നും ഒഴിവാക്കൽ

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, പശ്ചിമഘട്ട സംരക്ഷണവുമായി ബന്ധപ്പെട്ട കരട് വിജ്ഞാപനം സംബന്ധിച്ച പ്രമേയം കേരളനിയമസഭ ഏകകണ്ഠമായി അംഗീകരിച്ചാണ് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളത്. അതിനോടനുബന്ധിച്ച ചില കാര്യങ്ങളാണ് ഈ സബ്മിഷനിലൂടെ ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ നെയ്യാർ വന്യജീവി സങ്കേതത്തിനും ജലാശയത്തിനും സമീപമുള്ള അമ്പൂരി, വാഴിച്ചൽ, കള്ളിക്കാട് എന്നീ മൂന്ന് പ്രധാനപ്പെട്ട വില്ലേജുകളെയും അരുവിക്കര നിയോജകമണ്ഡലത്തിലെ മണ്ണൂർക്കര, വിതുര എന്നീ വില്ലേജുകളെയും പരിസ്ഥിതിലോല പ്രദേശങ്ങളിൽ

ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ അഞ്ച് ഗ്രാമങ്ങളിലെയും സ്വകാര്യ ഭൂമികളും ജനവാസ മേഖലകളും മനുഷ്യവാസവും കൃഷിയിടങ്ങളും നിറഞ്ഞ സാസ്കാരിക ഭൂപ്രദേശം എന്ന സ്വഭാവമുള്ളവയാണ്. അതിനാൽ ഇവയെ നിർദേശിക്കപ്പെട്ട ഇ.എസ്.എ. വിഭാഗത്തിൽനിന്നും പൂർണ്ണമായും ഒഴിവാക്കണമെന്നും ഇ.എസ്.എ.-യുടെ അതിർത്തി നെയ്യാർ വന്യജീവി സങ്കേതത്തിന്റെ യഥാർഥ വനാതിർത്തിയിൽ മാത്രം പരിമിതപ്പെടുത്തണമെന്നുമുള്ള അടിയന്തര ആവശ്യത്തെ അനുഭാവപൂർവം പരിഗണിക്കണമെന്ന് അഭ്യർഥിക്കുന്നു.

റബ്ബർ തോട്ടങ്ങളും വനപ്രദേശങ്ങളും ഉപഗ്രഹ ചിത്രങ്ങളിൽ ഒരുപോലെ കാണപ്പെടുന്നതിനാൽ ഇവയെ കൃത്യമായി വേർതിരിക്കുന്നത് ബുദ്ധിമുട്ടാണ്. അതിനാൽ സ്ഥല പരിശോധനയും കഡസ്ട്രൽ തലത്തിലുള്ള അതിർത്തി നിർണ്ണയവും അത്യന്താപേക്ഷിതമാണ്. ഈ പ്രദേശങ്ങളിൽ കടുവ, ആന എന്നീ പ്രധാന വന്യജീവികളുടെ ഇടനാഴികൾ കണ്ടെത്തിയിട്ടില്ല. റെഡ് ഇൻഡസ്ട്രീസ് വിഭാഗത്തിൽപ്പെട്ടവ ഒന്നുംതന്നെയില്ല. പത്ത് കിലോമീറ്റർ ചുറ്റളവിൽ ക്വാറികളോ മണൽ ഖനനമോ നടക്കുന്നില്ല. അമ്പൂരി വില്ലേജ് -

38 ചതുരശ്ര കിലോമീറ്റർ, ജനസംഖ്യ 9249, വാഴിച്ചാൽ വില്ലേജ്- 36 ചതുരശ്ര കിലോമീറ്റർ, ജനസംഖ്യ- 10353, കള്ളിക്കാട് വില്ലേജ്- 15 ചതുരശ്ര കിലോമീറ്റർ, ജനസംഖ്യ-9413 എന്നിങ്ങനെയാണ്. ഇത് നേരത്തെയുള്ള സെൻസസ് കണക്കാണ്. കേന്ദ്ര ഗവൺമെന്റിന് സംസ്ഥാന സർക്കാർ അയച്ച റിപ്പോർട്ടും മാപ്പും പ്രസിദ്ധീകരിച്ചിട്ടുണ്ട്. അമ്പൂരി പഞ്ചായത്തിലെ പറത്തി, തുണ്ടച്ചിറ, കുമ്പിച്ചൽ എന്നീ പ്രദേശങ്ങളിലെ പട്ടയ ഭൂമിയടക്കം 1.97 ചതുരശ്ര കിലോമീറ്റർ ഇ.എസ്.എ. വിഭാഗത്തിൽ ഉൾപ്പെടുത്തിയതായി കാണുന്നു. വാഴിച്ചാൽ വില്ലേജിൽ 11 ആദിവാസി ഊരുകൾ ഇ.എസ്.എ. പരിധിയിലുൾപ്പെടുത്തിയിരിക്കുകയാണ്. കള്ളിക്കാട് പഞ്ചായത്തിൽ വ്ലാവെട്ടി അടക്കമുള്ള സ്ഥലം സംസ്ഥാന ഗവൺമെന്റിന്റെ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയതായി കാണുന്നു.

<u>മാഡം ഡെപ്യൂട്ടി സ്പീക്കർ</u>: അങ്ങ് ചുരുക്കി പറയണം.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, സംയുക്ത പരിശോധന നടത്തി പുതിയ കഡസ്ട്രൽ മാപ്പ് പ്രസിദ്ധീകരിക്കണമെന്നും പബ്ലിക് ഹിയറിങ് നടത്തി ആദിവാസി ഉന്നതികളിലും കർഷകരിലും നിലനിൽക്കുന്ന ആശങ്ക

പരിഹരിക്കാൻ അടിയന്തര ഇടപെടലുണ്ടാകണമെന്നുമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട നിവേദനം ഞാൻ ബഹു. മന്ത്രിക്ക് നൽകിയിരുന്നെങ്കിലും അതിന് മറുപടി ലഭിച്ചിട്ടില്ല. ഈ കാര്യത്തിൽ ശരിയായ മറുപടിയുണ്ടാകണമെന്ന് അഭ്യർഥിക്കുകയാണ്.

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്): സമാനമായ വിഷയം നേരത്തെ സംസാരിച്ചതിനാൽ ഞാൻ വിശദീകരിക്കുന്നില്ല. ഇ.എസ്.എ.-യുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ പുറപ്പെടുവിച്ച 27-07-2026-ലെ കരട് വിജ്ഞാപനത്തോട് പ്രതികരിച്ചുകൊണ്ട് 24-9-2026-ൽ സംസ്ഥാന സർക്കാർ കേന്ദ്ര-വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ച വിശദമായ നിർദേശങ്ങളിൽ കരട് വിജ്ഞാപനപ്രകാരം ഇ.എസ്.എ. ഉൾപ്പെടുന്ന വില്ലേജുകളായി പറഞ്ഞിട്ടുള്ള 131 വില്ലേജുകളിൽനിന്ന് 33 വില്ലേജുകളെ പൂർണ്ണമായും ഒഴിവാക്കി നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ ഇ.എസ്.എ.-യിൽനിന്നും പൂർണ്ണമായും ഒഴിവാക്കാൻ നിർദേശിച്ചിട്ടുള്ള 33 വില്ലേജുകളിൽ പാറശ്ശാല നിയോജകമണ്ഡലത്തിലെ കള്ളിക്കാട് വില്ലേജും ഉൾപ്പെടുന്നതാണ്.

എന്നാൽ, അമ്പൂരി, വാഴിച്ചാൽ വില്ലേജുകളിൽ നെയ്യാർ വന്യജീവി സങ്കേതത്തിന്റെ പ്രദേശങ്ങൾകൂടി ഉൾപ്പെടുന്നതിനാൽ പ്രസ്തുത വില്ലേജുകളെ പൂർണ്ണമായും ഒഴിവാക്കാൻ നിർദ്ദേശിച്ചിട്ടില്ല. എന്നിരുന്നാലും സംസ്ഥാനത്തെ പരിസ്ഥിതി ലോല പ്രദേശത്തിന്റെ പരിധിയിൽനിന്നും ജനവാസമേഖലകൾ, കൃഷിഭൂമികൾ, തോട്ടങ്ങൾ എന്നിവ പൂർണ്ണമായും ഒഴിവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കാര്യകാരണസഹിതമുള്ള യുക്തിഭദ്രമായ നിർദ്ദേശമാണ് 24-9-2026-ൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്. ഈ നിർദ്ദേശം അംഗീകരിപ്പിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. അംഗത്തിന്റെ ആശങ്ക പരിഹരിക്കുന്നതാണ്.

(5) <u>മാവേലിക്കര നിയോജകമണ്ഡലത്തിലെ ജലക്ഷാമം</u>

<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: സർ, കുടിവെള്ള പ്രശ്നവുമായി ബന്ധപ്പെട്ട് എന്റെ രണ്ടാമത്തെ സബ്മിഷനാണിത്. മാവേലിക്കരയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി ജലജീവൻ മിഷനുമായി ബന്ധപ്പെട്ട നിരവധി പദ്ധതികൾ നിലനിൽക്കുന്നുണ്ട്. കേന്ദ്ര

ഗവൺമെന്റിൽനിന്നും എൽ.ഒ.എ.(അനുമതിപത്രം) ലഭിക്കാത്തതിന്റെ ഭാഗമായാണ് വർക്കുകൾ പൂർത്തീകരിക്കാൻ സാധിക്കാത്തതെന്ന് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. ഒന്നര വർഷത്തോളമായി നിലനിൽക്കുന്ന വിഷയമാണിത്.

മാവേലിക്കര നിയോജകമണ്ഡലത്തിൽ കിലോമീറ്ററുകളോളം ദൈർഘ്യത്തിൽ കടന്നുപോകുന്ന കെ.ഐ.പി. (കല്ലട ജലസേചന പദ്ധതി), പി.ഐ.പി. (പമ്പാ ജലസേചന പദ്ധതി) എന്നീ രണ്ട് പ്രധാനപ്പെട്ട കനാലുകൾ വലിയ മരങ്ങൾ ഉൾപ്പെടെ വളർന്ന് കാടുമൂടിക്കിടക്കുകയാണ്. തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി മുമ്പ് കുറെ കാട് വെട്ടി മാറ്റാൻ സാധിച്ചിട്ടുണ്ട്. പക്ഷെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഇത്തരത്തിലുള്ള വർക്കുകൾ ചെയ്യാൻ സാധിക്കുന്നില്ല. കെ.ഐ.പി., പി.ഐ.പി. കനാലുകളുടെ കുറച്ച് ഭാഗം മാത്രമാണ് വൃത്തിയാക്കാറുള്ളത്. കഴിഞ്ഞ തവണ കനാൽ വൃത്തിയാക്കിക്കൊണ്ടിരുന്ന സമയത്ത് വെള്ളം തുറന്നുവിട്ടതിനാൽ പല സ്ഥലത്തും കനാൽ ഓവർ ഫ്ലോ ചെയ്ത് വീടുകൾക്കകത്തേക്ക് വേസ്റ്റ് ഉൾപ്പെടെ കയറിയ സാഹചര്യമുണ്ടായി.

Submission

ഇത്തരത്തിലുള്ള വിഷയങ്ങൾ നിരന്തരമായി സംഭവിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ പന്നിശല്യവുമായി ബന്ധപ്പെട്ട വിഷയവും അവിടെ നിലനിൽക്കുന്നുണ്ട്. കനാലുകൾ പലപ്പോഴും പന്നികളുടെ ആവാസ കേന്ദ്രമായി മാറിക്കൊണ്ടിരിക്കുകയാണ്. അത്രത്തോളം കാടുകൾ ഈ രണ്ട് കനാലുകളിലും ഉണ്ട്. ഈ പ്രശ്നം പരിഹരിക്കാൻ അടിയന്തരമായി ഇടപെടൽ നടത്തിയില്ലെങ്കിൽ സ്വാഭാവികമായും നീരൊഴുക്ക് തടസ്സപ്പെടുന്ന സാഹചര്യമുണ്ടാകുന്നതാണ്. കനാൽ സാധാരണയായി തുറന്ന് വിടാറുള്ളത് ഡിസംബർ മാസത്തിലാണ്. ജനുവരി മാസത്തിലേയ്ക്ക് കടക്കുന്നതിനുമുമ്പ് പ്രശ്നം പരിഹരിക്കാൻവേണ്ട നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ സൂചിപ്പിക്കാനുള്ളത്. കാലപ്പഴക്കം കാരണം കനാലുകളിലെ പഴയ അക്വിഡക്ടുകൾക്ക് ചോർച്ചകൾ ഉണ്ടാകുന്നുണ്ട്. ചില ഭാഗങ്ങളിൽ കനാലുകൾ ഇടിഞ്ഞ് പോയിട്ടുണ്ട്. ഈ കനാലുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയാൽ മാവേലിക്കര നിയോജകമണ്ഡലത്തിലെ കുടിവെള്ള പ്രശ്നം കുറച്ചെങ്കിലും പരിഹരിക്കാൻ സാധിക്കും. കേന്ദ്രസർക്കാരിൽനിന്നും ഈ

പ്രവൃത്തിക്കാവശ്യമായ എൽ.ഒ.എ. ലഭിക്കുന്നതിനുള്ള ഇടപെടൽ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നുകൂടിയാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): സർ, മാവേലിക്കര നിയോജകമണ്ഡലത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനും കാർഷിക ആവശ്യത്തിനുള്ള ജലലഭ്യത സുഗമമാക്കുന്നതിനുംവേണ്ടിയുള്ള നിർദേശങ്ങളാണ് ബഹുമാനപ്പെട്ട അംഗം മുന്നോട്ടുവച്ചിട്ടുള്ളത്. ജലജീവൻ മിഷനുമായി ബന്ധപ്പെട്ട 2024-ലെ പ്രോജക്ടുകളിൽ 480 സ്കീമുകൾ ഇപ്പോൾ നടപ്പാക്കാൻ സാധിക്കാത്ത അവസ്ഥയിലാണുള്ളത്. പുതിയ സർക്കാർ അധികാരത്തിൽ വന്നശേഷം ഇക്കാര്യങ്ങൾ പരിശോധിച്ചപ്പോഴാണ് ഗുരുതരമായ ഈ പ്രശ്നം കണ്ടെത്തിയത്. 2024-ൽ പൂർത്തിയാക്കേണ്ട പ്രവൃത്തികൾ സമബന്ധിതമായി പൂർത്തിയാക്കാത്തതുകൊണ്ട് കേന്ദ്ര ഗവൺമെന്റ് ആ വർക്കുകളെല്ലാം ഇപ്പോൾ നിർത്തിവയ്ക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. അതിനാൽ ജലജീവൻ മിഷൻ പദ്ധതിതന്നെ ഗുരുതരമായ

പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയുള്ള ഇടപെടൽ സർക്കാർ നടത്തിക്കൊണ്ടിരിക്കുകയാണ്. കേന്ദ്ര ജലശക്തി മന്ത്രാലയവുമായും കേന്ദ്ര ജലശക്തി മന്ത്രിയുമായും ഇക്കാര്യങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. നവംബർ മാസം 4, 5 തീയതികളിൽ കേന്ദ്ര മന്ത്രിയുടെ സാന്നിധ്യത്തിൽ കേന്ദ്ര ഗവൺമെന്റുമായി ചർച്ച നടത്തുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. ജലജീവൻ മിഷനുമായി ബന്ധപ്പെട്ട വിഷയങ്ങൾ കേന്ദ്ര സർക്കാരുമായി ചർച്ച ചെയ്ത് പരിഹരിക്കുന്നതിനുള്ള കാര്യക്ഷമമായ ഇടപെടലാണ് ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ സർക്കാർ നടത്തിയിരിക്കുന്നത്. ചർച്ചകളിലൂടെ ഇത്തരം പ്രശ്നങ്ങൾക്ക് തീർപ്പുണ്ടാക്കിയശേഷം അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ ജലജീവൻ മിഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിഹരിക്കുന്നതായിരിക്കും.

ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച മറ്റൊരു പ്രധാനപ്പെട്ട വിഷയം കെ.ഐ.പി., പി.ഐ.പി. കനാലുകളിലൂടെയുള്ള ജലവിതരണമാണ്. കനാലുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കും വളരെ

പരിമിതമായ തുകയാണ് ഓരോ വർഷവും ബജറ്റ് അലോക്കേഷനിലൂടെ ലഭിക്കുന്നത്. കേരളമൊട്ടാകെയുള്ള കനാലുകൾ പ്രധാനമായും കാർഷിക ആവശ്യങ്ങൾക്കും ജലവിതരണത്തിനും വേണ്ടിയാണ് നിർമ്മിച്ചിട്ടുള്ളത്. എന്നാൽ സമയബന്ധിതമായി അവയുടെ അറ്റകുറ്റപ്പണികൾ നടത്താൻ സാധിക്കുന്നില്ല. തൊഴിലുറപ്പ് പദ്ധതിയിലൂടെ അത്തരം പണികൾ കുറച്ചുകാലം നടത്തിയിരുന്നു. ഇപ്പോൾ അതും നിർത്തലാക്കിയിരിക്കുകയാണ്. പ്രാദേശിക ഭരണകൂടങ്ങൾക്ക് ഫണ്ടില്ലാത്തതുകാരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ പ്രവൃത്തി ഏറ്റെടുക്കാനും തയ്യാറല്ല. ബജറ്റ് അലോക്കേഷൻ വർധിപ്പിച്ച്, കൂടുതൽ ഫണ്ട് ക്രമീകരിച്ച് കനാലുകളുടെ നവീകരണത്തിനും അറ്റകുറ്റ പണികൾക്കും വേണ്ടി പുതിയ ഒരു പ്രോജക്ടിന് രൂപം കൊടുക്കുകയോ ഫണ്ട് ലഭ്യമാക്കുകയോ ചെയ്താലല്ലാതെ ഈ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമുണ്ടാക്കാൻ സാധിക്കില്ല. എ.ഡി.ബി., ലോക ബാങ്ക് പോലുള്ള ഫണ്ടിങ് ഏജൻസികളുടെ സഹായത്തോടെ കനാലുകളുടെ നവീകരണത്തിന് കൂടുതൽ ഫണ്ട് ലഭ്യമാക്കാനുള്ള സാധ്യത സർക്കാർ പരിശോധിച്ചുവരികയാണ്.

അത്തരത്തിലുള്ള ഒരു പ്രോജക്ടിന് സാങ്ഷൻ ലഭിച്ചാൽ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുന്നതാണ്. പി.ഐ.പി., കെ.ഐ.പി. എന്നീ രണ്ട് കനാലുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചിട്ടുള്ള പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ വകുപ്പുതലത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

മാവേലിക്കര നിയോജകമണ്ഡലത്തിലൂടെ ഒഴുകുന്ന അച്ചൻകോവിലാറിൽ എക്കലും ചെളിയും അടിഞ്ഞുകൂടി നീരൊഴുക്ക് തടസ്സപ്പെടുകയും കൊല്ലക്കടവ്-കുന്നിൻ റോഡ് ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ മഴക്കാലത്ത് വെള്ളപ്പൊക്കമുണ്ടാകുകയും ചെയ്യുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനും കോട്ടത്തോടിൽ നിന്നുള്ള മലിനജലം അച്ചൻകോവിലാറിലേക്കും സമീപത്തെ കേരള വാട്ടർ അതോറിറ്റിയുടെ ജലശേഖരണ കിണറിലേക്കും എത്തുന്നത് പരിഹരിക്കുന്നതിനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. കോട്ടത്തോടിന്റെ നവീകരണത്തിനായി 20 ലക്ഷം രൂപയുടെയും 50 ലക്ഷം രൂപയുടെയും രണ്ട് പ്രധാന പ്രവൃത്തികൾ ഇതിനകം ചെയ്തിട്ടുണ്ട്.

Submission

മാവേലിക്കര നഗരസഭയിലെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിന് സമീപം പാർശ്വഭിത്തി സംരക്ഷണത്തിനും കവറിങ് സ്ലാബ് നിർമ്മാണത്തിനുമായി 30 ലക്ഷം രൂപയുടെ പ്രവൃത്തി പുനഃക്രമീകരിച്ച് നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. അച്ചൻകോവിലാറിലെ എക്കലും ചെളിയും നീക്കി നീരൊഴുക്ക് സുഗമമാക്കുന്നതിനും ജലസേചന കിണറുകളിലേയ്ക്ക് മലിനജലം ഒഴുകിയെത്തുന്ന ദുരവസ്ഥ പരിഹരിക്കുന്നതിനും അടിയന്തരമായി നടപടികൾ സ്വീകരിക്കുന്നതാണ്. കല്ലട ജലസേചന പദ്ധതിയുടെ ഭാഗമായി വള്ളിക്കുന്നം ഡിസ്ട്രിബ്യൂട്ടറിയുടെയും പള്ളിക്കൽ ഡിസ്ട്രിബ്യൂട്ടറിയുടെയും ശുചീകരണത്തിനുവേണ്ടിയുള്ള അറ്റകുറ്റപ്പണികൾ നടത്തുന്ന പ്രവൃത്തികൾ 2026-27 വാർഷിക പരിപാലന പദ്ധതിയിലുൾപ്പെടുത്തി ടെൻഡർ നടപടികൾ സ്വീകരിച്ചുവരികയാണ്. ആദിക്കാട്ടുകുളങ്ങര അക്വിഡക്ടിന്റെ പുനരുദ്ധാരണത്തിനുവേണ്ടി വിശദമായ പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ട്. പ്രധാന കനാലിലെയും പഴയകുളം, കുറത്തികാട് തുടങ്ങിയ ഡിസ്ട്രിബ്യൂട്ടറികളുടെയും ചോർച്ച പരിഹരിക്കുന്നതിനാവശ്യമായ ഷട്ടറുകൾ

മാറ്റി സ്ഥാപിക്കുന്നതിനുമുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കാൻ ഇപ്പോൾ നിർദേശം നൽകിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്നതിനനുസരിച്ച് ഇക്കാര്യങ്ങൾ നടപ്പാക്കാൻ സാധിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച വിഷയങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി രണ്ട് കോടി രൂപയുടെ ഒരു പുതിയ പ്രോജക്ടിന് രൂപം കൊടുക്കാൻ നിർദേശം നൽകിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഇക്കാര്യങ്ങൾ നടപ്പാക്കുന്നതാണ്. അദ്ദേഹം ചൂണ്ടിക്കാണിച്ച വിവിധങ്ങളായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകുകയും സമയബന്ധിതമായി ഇക്കാര്യങ്ങൾ നടപ്പാക്കുന്നതിനുള്ള ഇടപെടലുകൾ ഉണ്ടാകുകയും ചെയ്യുമെന്ന് അറിയിക്കുന്നു.

(6) <u>ആലുവ ജില്ലാ ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ</u>

<u>ശ്രീ. അൻവർ സാദത്ത്</u>: മാഡം ഡെപ്യൂട്ടി സ്പീക്കർ, ആലുവ ജില്ലാ ആശുപത്രി ഇപ്പോഴും താലൂക്കാശുപത്രിയുടെ സ്റ്റാഫ് പാറ്റേണിലാണ് നിലനിന്നുപോകുന്നത്. പ്രസ്തുത ആശുപത്രിയെ 24-11-2011-ലെ സർക്കാർ ഉത്തരവിലൂടെ ജില്ലാ ആശുപത്രിയായി ഉയർത്തിയെങ്കിലും കിടക്കകളുടെ

എണ്ണവും സ്റ്റാഫ് സ്ട്രെങ്ത്തും ഇപ്പോഴും മുമ്പുള്ള പാറ്റേണിലാണ് നിലനിൽക്കുന്നത്. ജില്ലാ ആശുപത്രിയാക്കി ഉയർത്തുമ്പോൾ അതിനനുസൃതമായ സ്റ്റാഫ് പാറ്റേൺ വന്നില്ലെങ്കിൽ സ്വാഭാവികമായും ജനങ്ങൾക്ക് പ്രതീക്ഷയ്ക്കനുസൃതമായ സർവീസ് നൽകാൻ സാധിക്കില്ല. അക്രെഡിറ്റേഷൻ ലഭ്യമായ ബ്ലഡ് ബാങ്ക്, നല്ലരീതിയിൽ പ്രവർത്തിക്കുന്ന ഡയാലിസിസ് സെന്റർ എന്നിവ ഈ ആശുപത്രിയുടെ പ്രത്യേകതയാണ്. ഇതുകൂടാതെ സർക്കാർ മേഖലയിലെ ആദ്യത്തെ ഹിമോഫീലിയ ചികിത്സാ കേന്ദ്രവും ആലുവയിലാണ്. ഇത്തരത്തിലുള്ള എല്ലാ സൗകര്യങ്ങളുമുണ്ട്. കൂടാതെ, എൻ.ഐ.സി. യൂണിറ്റ്, OHT സെന്റർ, ജെറിയാട്രിക്സ് സെന്റർ എന്നിവിടങ്ങളിലേയ്ക്കാവശ്യമായ ജീവനക്കാരെ താൽക്കാലികമായി നിയമിച്ചിരിക്കുന്നു. ജില്ലാശുപത്രി നിലവാരത്തിലുള്ള ജീവനക്കാരുടെ അധിക തസ്തിക അനുവദിക്കേണ്ടത് ആശുപത്രിയുടെ മുന്നോട്ടുള്ള സുഗമമായ പ്രവർത്തനത്തിന് ഏറ്റവും ആവശ്യമാണ്. ജില്ലാ ആശുപത്രി നിലവാരത്തിലേക്ക് വരുമ്പോൾ ഡെപ്യൂട്ടി സൂപ്രണ്ട് ഉൾപ്പെടെ ഏകദേശം 43 തസ്തികകളാണ് വേണ്ടത്. ഇപ്പോൾ ആ സ്റ്റാഫ് പാറ്റേൺ അവിടെയില്ല. മുമ്പ്

അവിടെ ഫോറൻസിക് വിഭാഗത്തിൽ ഒരു ഡോക്ടറുണ്ടായിരുന്നതാണ്. പോസ്റ്റുമോർട്ടം പോലീസ് സർജൻ ചെയ്യണമെന്നാണെങ്കിലും ഫോറൻസിക് ഡോക്ടറുണ്ടെങ്കിൽ പോസ്റ്റുമോർട്ടം ചെയ്യാൻ സാധിക്കും. അപകടമരണങ്ങൾ, ആത്മഹത്യ, ആളുകൾ പെട്ടെന്ന് തളർന്നുവീണ് മരണപ്പെടുക എന്നീ സാഹചര്യങ്ങളുണ്ടാകുമ്പോൾ അവയുടെ കാരണം അറിയാനായി പോലീസ് സർജൻതന്നെ പോസ്റ്റുമോർട്ടം ചെയ്യണമെന്നുപറഞ്ഞ് മറ്റുള്ള ഹോസ്പിറ്റലുകളിലേക്ക് വിടുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഫോറൻസിക് ഡോക്ടർമാരുണ്ടെങ്കിൽ ആ പോസ്റ്റുമോർട്ടം അവിടെ നടത്താൻ സാധിക്കും. നിലവിൽ 4 മണിവരെ മാത്രമാണ് പോസ്റ്റുമോർട്ടം ചെയ്യുന്നത്. ഇൻക്വസ്റ്റ് തയ്യാറാക്കിയതിനുശേഷം 4 മണി കഴിഞ്ഞുവെന്ന പേരിൽ പോസ്റ്റുമോർട്ടം അടുത്ത ദിവസത്തേക്ക് മാറ്റിവയ്ക്കുന്നത് കാരണം മരണപ്പെട്ടവരുടെ കുടുംബങ്ങൾ വളരെയധികം പ്രയാസമനുഭവിക്കുന്നുണ്ട്. അതിനാൽ 4 മണി എന്നത് 6 മണി വരെയാക്കാനുള്ള നടപടിയുണ്ടാകണം. 6 മണിയാകുമ്പോൾ വെളിച്ചക്കുറവുണ്ടാകാറുണ്ട്. എന്നാൽ അത് പരിഹരിക്കാനായി

പോസ്റ്റുമോർട്ടം ചെയ്യുന്ന റൂമുകളിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ വെളിച്ചം സജ്ജമാക്കാൻ സാധിക്കുന്നതാണ്.

മാഡം ഡെപ്യൂട്ടി സ്പീക്കർ: സൂര്യപ്രകാശമുണ്ടാകില്ല എന്ന കാരണം കൊണ്ടാണ് 4 മണി എന്ന് പറയുന്നത്.

ശ്രീ. അൻവർ സാദത്ത്: മാഡം ഡെപ്യൂട്ടി സ്പീക്കർ, സൂര്യപ്രകാശത്തിന്റെ അപര്യാപ്തതയുണ്ടാവുമെങ്കിലും സൂര്യപ്രകാശത്തേക്കാൾ നല്ല സൂക്ഷ്മതയോടെ കാണാൻ സാധിക്കുന്ന തരത്തിലുള്ള വെളിച്ച സൗകര്യങ്ങൾ ഇന്നത്തെ ആധുനിക സംവിധാനത്തിന്റെ സഹായത്തോടെ ഒരുക്കാൻ സാധിക്കും. പല കുടുംബങ്ങളെയും പ്രയാസത്തിലാക്കുന്ന ഒരു സംഗതിയാണ് 4 മണിവരെയുള്ള പോസ്റ്റുമോർട്ടം എന്നത്. ചില ഡോക്ടർമാരാണെങ്കിൽ 4 മണി കഴിഞ്ഞ് ഒരുമിനിട്ട് ആയാൽപോലും പോസ്റ്റുമോർട്ടം ചെയ്യാറില്ല. ഇത്തരം അനാവശ്യ പിടിവാശി പലപ്പോഴും കാണിക്കാറുമുണ്ട്. അതിനാൽ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ജില്ലാ ഹോസ്പിറ്റിലായി ഉയർത്തുമ്പോഴുണ്ടാകേണ്ട സ്റ്റാഫ് പാറ്റേണായ 43 തസ്തികകൾ അനുവദിക്കുകയും ആലുവ ഹോസ്പിറ്റലിലുണ്ടായിരുന്ന

ഫോറൻസിക് ഡോക്ടർ തസ്തിക പുനഃസ്ഥാപിക്കുകയും ചെയ്യണം. പോസ്റ്റുമോർട്ടത്തെ സംബന്ധിച്ച് ഞാൻ പറഞ്ഞ നിർദ്ദേശം ഗവൺമെന്റ് പരിശോധിക്കണം. ഈ മൂന്ന് കാര്യങ്ങളിലും തീരുമാനമുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഗവൺമെന്റിനോടും ബഹുമാനപ്പെട്ട മന്ത്രിയോടും ആവശ്യപ്പെടുന്നത്.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): മാഡം, എറണാകുളം ജില്ലയിലെ ആലുവ താലൂക്ക് ആസ്ഥാന ആശുപത്രിയെ 2011-ൽ ജില്ലാ ആശുപത്രിയായി ഉയർത്തിയിരുന്നു. പ്രസ്തുത ആശുപത്രിയിൽ നിലവിൽ 217 കിടക്കകളാണ് അനുവദിച്ചിട്ടുള്ളത്. പ്രതിദിനം ശരാശരി 1000 മുതൽ 1500 വരെ ഒ.പി. രോഗികളും 88 ഐ.പി. രോഗികളും അവിടെയെത്തുന്നുണ്ട്. എന്നാൽ 22-04-2017-ലെ സർക്കാർ ഉത്തരവ് പ്രകാരം ആർദ്രം മിഷന്റെ ഭാഗമായി പ്രസ്തുത സ്ഥാപനത്തെ താലൂക്കാശുപത്രികളുടെ പട്ടികയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അതിനാൽ നിലവിൽ താലൂക്കുതലത്തിലുള്ള സേവനങ്ങളാണ് ഇവിടെനിന്നും നൽകിവരുന്നത്. ജില്ല ആശുപത്രിയായി ഉയർത്തപ്പെട്ടതും ജില്ലാ

പഞ്ചായത്തിന്റെ ഭരണനിയന്ത്രണത്തിലുള്ളതുമായ പ്രസ്തുത സ്ഥാപനത്തിന്റെ പേര് എല്ലാ ഔദ്യോഗിക രേഖകളിലും ജില്ല ആശുപത്രി, ആലുവ എന്നാക്കി മാറ്റുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ പരിശോധിച്ചുവരികയാണ്. പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ 167 അംഗീകൃത തസ്തികകളാണുള്ളത്. സംസ്ഥാനത്തെ പ്രധാന ആശുപത്രികളിൽ കാഷ്വാലിറ്റി സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ഈ പ്രൊപ്പോസലിൽ ആലുവ ജില്ല ആശുപത്രിയെയും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് ആശുപത്രിയിലെ മാനവവിഭവശേഷിയുടെ ആവശ്യകത വിലയിരുത്തുന്നതിനായി പഠനവും ഗ്യാപ് അനാലിസിസും നടത്തി അതിന്റെയടിസ്ഥാനത്തിൽ ഘട്ടംഘട്ടമായി അധിക തസ്തികകൾ അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. പോസ്റ്റുമോർട്ടത്തിന്റെ കാര്യത്തിൽ കോടതിയുടെ ചില നിയന്ത്രണങ്ങളുണ്ട്. അത് മാറ്റാൻ

ഗവൺമെന്റ് ശ്രമിക്കുന്നുണ്ട്. ഇതുവരെയും അതിന്മേൽ തീരുമാനമുണ്ടാക്കാൻ സാധിച്ചിട്ടില്ല.

(7) സർക്കാർ ആശുപത്രികളിൽ 24x7 സ്പെഷ്യാലിറ്റി ചികിത്സ

ശ്രീ. നജീബ് കാന്തപുരം: മാഡം ഡെപ്യൂട്ടി സ്പീക്കർ, മലബാറിലെ ഹോസ്പിറ്റൽ സിറ്റി എന്നറിയപ്പെടുന്ന ഒരു നഗരമാണ് പെരിന്തൽമണ്ണ. അവിടെ പ്രൈവറ്റ് മേഖലയിൽ നിരവധി സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ സാധാരണക്കാർക്ക് ഏറ്റവും കൂടുതൽ ആശ്രയിക്കാവുന്ന ഒരേയൊരു സ്ഥാപനം ജില്ല ആശുപത്രിയാണ്. താലൂക്കാശുപത്രിയെ ജില്ല ആശുപത്രിയായി ഉയർത്തിയെങ്കിലും അതനുസരിച്ചുള്ള സ്റ്റാഫ് വിന്യാസവും ഡോക്ടർമാരുടെ തസ്തികയും നേരത്തെ സൃഷ്ടിക്കപ്പെട്ടിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽവന്ന് നാലുമാസങ്ങൾക്കകം അവിടെ വലിയ മാറ്റമുണ്ടാക്കാൻ വളരെ ശ്രദ്ധേയമായ ഇടപെടലാണ് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി നടത്തിയതെന്നത് ഞാൻ അഭിമാനത്തോടുകൂടി പറയുകയാണ്. ദിനംപ്രതി 40-50 ഐ.പി. മാത്രമുണ്ടായിരുന്ന ഹോസ്പിറ്റലിൽ അത് 120-ഓളമായി വർധിപ്പിക്കാനും

ഒ.പി.യിൽ വരുന്നവരുടെ എണ്ണം 250-300 ആയിരുന്നത് 1200 മുതൽ 1300 വരെ എത്തുന്ന സ്ഥിതിയിലേക്ക് ഉയർത്താനും സാധിച്ചു. അതിന് പ്രത്യേകമായി ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയെ അഭിനന്ദിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ഇന്ന് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള മറുപടി പറഞ്ഞപ്പോൾപോലും സാധാരണക്കാരായ ആളുകളുടെ ജീവിത പ്രശ്നങ്ങളെ ഏറ്റവും ശ്രദ്ധയോടെ മനസ്സിലാക്കി, ആരോഗ്യമാണ് നമ്മുടെ ഏറ്റവും വലിയ സമ്പത്ത് എന്ന് തിരിച്ചറിഞ്ഞുകൊണ്ടുള്ള നിലപാടാണ് സർക്കാർ സ്വീകരിച്ചത്. ആ നിലപാടിന്റെ ഭാഗമായാണ് ജെനറിക് മെഡിസിനുകളെക്കുറിച്ചുള്ള ചർച്ചയുണ്ടായത്. അതിനേക്കാൾ വലിയൊരു ഫ്ലാഗ്ഷിപ്പ് പ്രോജക്ട് ഇപ്പോൾ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിരിക്കുകയാണ്. നമ്മുടെ നാട്ടിലെ താലൂക്ക് ആശുപത്രികളടക്കം 24x7 പ്രവർത്തിപ്പിക്കാനാവശ്യമായ സംവിധാനം ഒരുക്കുമെന്ന അദ്ദേഹത്തിന്റെ പ്രഖ്യാപനം ഏറെ പ്രതീക്ഷയോടെയാണ് പെരിന്തൽമണ്ണയിൽ നിന്നുള്ള ഒരു നിയമസഭാ സാമാജികനെന്ന നിലയിൽ ഞാൻ കേൾക്കുന്നത്. അത്തരം ഒരു

തീരുമാനം വരുമ്പോൾ ആദ്യ പട്ടികയിൽത്തന്നെ ഉൾപ്പെടുത്തേണ്ട ഒരു ആശുപത്രിയാണ് എന്റെ നിയോജകമണ്ഡലത്തിലെ പെരിന്തൽമണ്ണ ജില്ലാശുപത്രി എന്നാണ് ഞാൻ അദ്ദേഹത്തോട് അഭ്യർഥിക്കുന്നത്. സർക്കാർ ആശുപത്രികളിൽ നിരവധി ക്രിട്ടിക്കൽ കെയർ യൂണിറ്റുകൾ അനിവാര്യമായ സാഹചര്യമാണ് നിലവിലുള്ളതെന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. എമർജൻസി മെഡിസിന്റെ കാര്യത്തിലും ആശുപത്രികളിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കേണ്ട ഒരു സന്ദർഭമാണ്. ചെറുപ്പക്കാർ ഉൾപ്പെടെ നിരവധി ആളുകൾ സ്ട്രോക്കുവന്ന് പെട്ടെന്ന് കുഴഞ്ഞുവീണ് മരണം സംഭവിക്കുന്ന ധാരാളം സംഭവങ്ങളുണ്ട്. ഇതൊരു നിത്യ കാഴ്ചയാണ്. പ്രത്യേകിച്ച് 40-50 വയസ്സിനിടയിലുള്ള നിരവധിപേർ ഇത്തരത്തിൽ പെട്ടെന്ന് സ്ട്രോക്ക്/ ഹൃദയാഘാതം വന്ന് കുഴഞ്ഞുവീഴുന്ന സാഹചര്യമുണ്ടാവുകയാണ്. അങ്ങനെയൊരു സാഹചര്യത്തെ അഡ്രസ്സ് ചെയ്യാൻ വേണ്ടി ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും ആരോഗ്യവകുപ്പും 24x7 കാഷ്വാലിറ്റികൾ പ്രവർത്തിക്കണമെന്ന് തീരുമാനിക്കുകയാണ്. അതോടൊപ്പം, സർക്കാർ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനം കൊണ്ടുവരുന്നതിന്

സർക്കാർ തീരുമാനമെടുക്കുമ്പോൾ പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട ആശുപത്രികളിൽക്കൂടി ഈ സൗകര്യം അനുവദിക്കണമെന്ന് അങ്ങയോട് ഈ സബ്മിഷനിലൂടെ അഭ്യർഥിക്കുകയാണ്. ഒരു രോഗിയെ ഗോൾഡൻ അവറിൽ ആശുപത്രിയിൽ എത്തിക്കുകയെന്നതാണ് പ്രധാനം. എന്നാൽ ഒരു സ്വകാര്യ ആശുപത്രിയിലാണ് ആ രോഗി എത്തുന്നതെങ്കിൽ ഇന്നത്തെ സാഹചര്യത്തിൽ ഭീമമായ തുക ചെലവഴിക്കേണ്ടിവരികയാണ്. എന്നാൽ ഗതികേടുകൊണ്ട് സാധാരണക്കാർ ഇത്തരം സ്വകാര്യ ആശുപത്രികളിൽ പോകേണ്ടിവരുന്ന സാഹചര്യത്തെയാണ് അങ്ങ് തടയാൻ ശ്രമിക്കുന്നത്. ഈയൊരു പ്രശ്നം പരിഹരിക്കുന്നതിന്റെ ഭാഗമായി എന്റെ നിയോജകമണ്ഡലത്തിലെ ജില്ലാ ആശുപത്രിയിൽ നാല് അസിസ്റ്റന്റ് സർജൻമാരെ അനുവദിക്കുന്നതിനുകൂടി അങ്ങ് തയ്യാറാകണം. അവിടെ മെഡിസിൻ, പീഡിയാട്രിക്സ്, അനസ്തേഷ്യ വിഭാഗങ്ങളിൽ ഓരോ ജൂനിയർ കൺസൾട്ടന്റുമാരെയും ഗൈനക്കോളജിയിൽ ഒരു കൺസൾട്ടന്റ് ഡോക്ടറെയും കൂടി അനുവദിക്കാനുള്ള മനസ്സ് കാണിക്കണമെന്ന്

അഭ്യർഥിക്കുകയാണ്. ഇതിന് അനുകൂലമായ ഒരു പ്രഖ്യാപനം ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): മാഡം ഡെപ്യൂട്ടി സ്പീക്കർ, നിലവിൽ ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ സ്പെഷ്യാലിറ്റി വിഭാഗങ്ങളുടെ ഒ.പി. സേവനം രാവിലെ എട്ട് മണി മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ മാത്രമാണ് ലഭ്യമാകുന്നത്. ഇത് പരിഹരിക്കുന്നതിനായി സംസ്ഥാനത്ത് 24 x 7 സ്പെഷ്യാലിറ്റി ചികിത്സാ സേവനങ്ങൾ ഏർപ്പെടുത്തുന്നതിനായി ഓരോ ജില്ലയിൽനിന്നും രണ്ട് ആശുപത്രികളെ വീതം ആകെ 28 പ്രധാന ആശുപത്രികളെ തിരഞ്ഞെടുത്തിട്ടുണ്ട്. അതായത് ജനറൽ/ജില്ലാ താലൂക്ക് ആസ്ഥാന ആശുപത്രികളെ തിരഞ്ഞെടുത്ത് "പ്രതീക്ഷ സെന്ററുകൾ" ആവിഷ്കരിച്ചിട്ടുണ്ട്. ആദ്യ പടിയായി കൊല്ലം ജില്ലയിലെ പുനലൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ 01-09-2026 മുതൽ സ്പെഷ്യാലിറ്റി/കാഷ്വാലിറ്റി സേവനം ആരംഭിച്ചിട്ടുണ്ട്. ജനറൽ മെഡിസിൻ, ഓർത്തോപീഡിക്സ്,

ഗൈനക്കോളജി, പീഡിയാട്രിക്സ്, അനസ്തേഷ്യ വിഭാഗങ്ങളിലായി പത്ത് സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനം ഇതിനായി ലഭ്യമാക്കിയിട്ടുണ്ട്. ജില്ലാ ജനറൽ ആശുപത്രികളിൽ 24 മണിക്കൂർ സ്പെഷ്യലിസ്റ്റ് സേവനം ഉറപ്പാക്കുന്നതിനും ചികിത്സ വൈകുന്നത് ഒഴിവാക്കുന്നതിനും കാത്ത് ലാബ് സൗകര്യമുള്ള പ്രധാന ആശുപത്രികളിൽ കാർഡിയോളജിസ്റ്റുമാരുടെയും സ്ട്രോക്ക് യൂണിറ്റ് നിലവിലുള്ള സ്ഥാപനങ്ങളിൽ ന്യൂറോളജിസ്റ്റിന്റെയും സേവനവും ഓരോ അപകട അടിയന്തര വിഭാഗത്തിൽ ഓരോ ഷിഫ്റ്റിലും രണ്ട് കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരെ ഉറപ്പാക്കുന്നതിനുമായി നിലവിലുള്ള സ്ഥിരം തസ്തികകൾ, സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന രോഗികളുടെ എണ്ണം, തസ്തികകളുടെ ആവശ്യകത എന്നിവ പരിഗണിച്ച് ഗ്യാപ് അനാലിസിസ് നടത്തി കാഷ്വാലിറ്റി ഡോക്ടർമാരുടെയും സ്പെഷ്യലിസ്റ്റ്, സൂപ്പർ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെയും നഴ്സിങ് സപ്പോർട്ടിങ് ജീവനക്കാരുടെയും അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. അത് ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണുള്ളത്. തസ്തികകൾ

അനുവദിക്കുന്ന മുറയ്ക്ക് കൂടുതൽ സൗകര്യങ്ങൾ പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ സർക്കാർ ആശുപത്രികളിൽ ഏർപ്പെടുത്തുന്നതാണ്.

(8) കണ്ണൂർ ജില്ല ആശുപത്രിയിൽ കാർഡിയോളജിസ്റ്റിന്റെ നിയമനം

ശ്രീ. ടി. ഒ. മോഹനൻ: മാഡം ഡെപ്യൂട്ടി സ്പീക്കർ, കണ്ണൂർ ജില്ലാ ആശുപത്രിയെന്നത് കണ്ണൂർ ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട ആശുപത്രിയാണ്. ഏറ്റവും കൂടുതൽ രോഗികൾ ആശ്രയിക്കുന്ന ആശുപത്രിയാണിത്. ഒരു ദിവസം ഏകദേശം മൂവായിരത്തോളം ആളുകൾ ഒ.പി.-യിൽ ചികിത്സ തേടുന്നുണ്ട്. കൃത്യമായി ഡോക്ടർമാരില്ലാത്തതാണ് ഇപ്പോഴത്തെ പ്രശ്നം. പ്രത്യേകിച്ച് കാർഡിയോളജി വിഭാഗത്തിൽ നിലവിൽ രണ്ട് ഡോക്ടർമാരുണ്ടായിരുന്നതിൽ ഒരാൾക്ക് സ്ഥലംമാറ്റം വന്നതിനുശേഷം പകരം ഡോക്ടറെ നിയമിക്കാത്തതിന്റെ പേരിൽ പലപ്പോഴും സംഘർഷാവസ്ഥതന്നെ അവിടെയുണ്ടാകുന്നുണ്ട്. രാവിലെ അഞ്ച് മണി മുതൽ ടോക്കൺ നൽകിത്തുടങ്ങും. ഓൺലൈൻ ടോക്കൺ സംവിധാനവും നിലവിലുള്ളതിനാൽ രാവിലെ ടോക്കണെടുക്കാനെത്തുന്നവർക്ക് ടോക്കൺ

നൽകാൻ സാധിക്കാതെ വരുന്നുണ്ട്. രണ്ട് ഡോക്ടർമാർ ഉണ്ടായിരുന്ന സമയത്ത് പ്രശ്നങ്ങൾ കുറെയൊക്കെ പരിഹരിച്ചിരുന്നു. എന്നാൽ ഇപ്പോൾ പല സമയത്തും കൂടുതൽ രോഗികളെത്തുകയും അവർക്ക് ആവശ്യമായ ചികിത്സ ലഭിക്കാത്ത അവസ്ഥയുമാണുള്ളത്. 24 x 7 എന്ന പാറ്റേണിലേക്ക് അടിയന്തരമായി തിരഞ്ഞെടുക്കേണ്ട ആശുപത്രിയാണ് കണ്ണൂർ ജില്ലാ ആശുപത്രി. അതുപോലെ അവിടുത്തെ പല യൂണിറ്റുകളും പ്രവർത്തന യോഗ്യമല്ല. സ്റ്റാഫ് പാറ്റേൺ പഴയകാലത്തേതാണ്. സ്റ്റാഫ് പാറ്റേൺ ഉൾപ്പെടെ പരിഷ്കരിച്ച് ആവശ്യമായ ഡോക്ടർമാരെ നിയമിക്കേണ്ടതാണ്. കണ്ണൂർ സിറ്റി മേഖലയിലും തീരദേശ മേഖലയിലുമൊക്കെയുള്ള പാവപ്പെട്ട രോഗികൾ ചികിത്സ തേടുന്ന ഒരു ആശുപത്രിയാണിത്. നേരത്തെ നമ്മൾ ചർച്ച ചെയ്തതുപോലെ ആശുപത്രി ഭീകരൻമാർ അവിടെവന്ന് മൂന്നോളം ആശുപത്രികൾ ആരംഭിച്ചിട്ടുണ്ട്. സർക്കാർ ആശുപത്രികളിൽ മതിയായ ചികിത്സയും ഡോക്ടർമാരുടെ സേവനവും ലഭിക്കാതെ വരുമ്പോൾ ജീവൻ രക്ഷിക്കാൻ ഈ വലിയ ആശുപത്രികളിൽ അഭയം തേടുകയും ഭീമമായ തുക നൽകേണ്ടതായിവരികയും ചെയ്യുന്നതുമൂലം അവർക്കുണ്ടാകുന്ന

പ്രയാസങ്ങൾ വളരെ ഗുരുതരമാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തര ഇടപെടൽ നടത്തി ആവശ്യമായ ഡോക്ടർമാരെയും സപ്പോർട്ടിങ് സ്റ്റാഫിനെയും നിയമിക്കണം. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോട് പ്രത്യേകിച്ച് ഒരപേക്ഷയുള്ളത് ഇതുമായി ബന്ധപ്പെട്ട് അവിടെ ഒരു പ്രത്യേക യോഗം വിളിക്കണമെന്നാണ്. കണ്ണൂർ നിയോജകമണ്ഡലത്തിലെ മാത്രമല്ല സമീപ നിയോജകമണ്ഡലങ്ങളിലെയും രോഗികൾ ആശ്രയിക്കുന്ന ആശുപത്രിയാണ് കണ്ണൂർ ജില്ലാശുപത്രി. ഈ ആശുപത്രി അല്ലാതെ പൊതുമേഖലയിൽ വേറെ ഒരാശുപത്രിയും അവിടെയില്ല. അതിനാൽ ഈ ആശുപത്രിയിൽ ആവശ്യമായ നിയമനങ്ങളും മതിയായ സൗകര്യങ്ങളും ഏർപ്പെടുത്തണമെന്നുള്ള എളിയ അഭ്യർഥനയാണ് എനിക്കുള്ളത്.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): മാഡം ഡെപ്യൂട്ടി സ്പീക്കർ, 23-12-2025-ലെ 436/2025/ഹെൽത്ത് ആൻഡ് ഫാമിലി വെൽഫെയർ ഡിപ്പാർട്ടുമെന്റിന്റെ സർക്കാർ ഉത്തരവുപ്രകാരം കണ്ണൂർ ജില്ലാ ആശുപത്രിയിൽ രണ്ട് കൺസൾട്ടന്റ് കാർഡിയോളജി തസ്തികകൾ പുതിയതായി സൃഷ്ടിച്ചിരുന്നു. പ്രസ്തുത തസ്തികകളിലൊന്നിൽ

നിലവിൽ ഡോക്ടറെ നിയമിച്ചിട്ടുണ്ട്. രണ്ടാമത്തെ തസ്തികയിൽ പി.എസ്.സി. മുഖേന നേരിട്ടുള്ള നിയമനത്തിലൂടെ ഒഴിവ് നികത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. കണ്ണൂർ ജില്ലാശുപത്രിയിലെ കാർഡിയോളജി വിഭാഗത്തിൽ 2026 സെപ്റ്റംബർ മാസത്തിൽ നൽകിയ സേവനങ്ങളുടെ വിശദവിവരങ്ങൾ

സേവനങ്ങൾ	എണ്ണം
ഒ. പി.	783
ഐ.പി.	121
എക്കോ	716
ടി.എം.ടി.	28
ആൻജിയോഗ്രാം	46
ആൻജിയോപ്ലാസ്റ്റി	17
ഹാൾട്ടർ പരിശോധന	16

നിലവിൽ കാർഡിയോളജി വിഭാഗത്തിൽ ഒ.പി. ഓൺലൈൻ ബുക്കിങ് സംവിധാനം ലഭ്യമല്ല. കാർഡിയോളജി ഒരു സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗമായതിനാൽ ഓരോ രോഗിയേയും വിശദമായി പരിശോധിക്കുന്നതിന് എക്കോ, ടി.എം.ടി. തുടങ്ങിയ പരിശോധനകൾ നടത്തി രോഗ നിർണ്ണയം

നടത്തുന്നതിന് ഏകദേശം അഞ്ച് മുതൽ പത്ത് മിനിട്ട് വരെ സമയം ആവശ്യമാണ്. നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗിച്ച് ഒരു ദിവസം പരമാവധി 70 രോഗികളെ മാത്രമേ പരിശോധിക്കാനും ചികിത്സ നൽകാനും സാധിക്കുകയുള്ളൂ. ഈ സാഹചര്യത്തിൽ കണ്ണൂർ ജില്ലാശുപത്രിയിലെ കാർഡിയോളജി വിഭാഗത്തിൽ നിലവിലുള്ള രണ്ടാമത്തെ കൺസൾട്ടന്റ് കാർഡിയോളജി തസ്തികയിൽകൂടി നിയമനം നടത്തുന്നതിലൂടെ രോഗികൾക്ക് സമയബന്ധിതമായി വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിനും കാർഡിയോളജി വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സാധിക്കും. കൂടാതെ 24 x 7 സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുന്നതിലേക്കായി കണ്ണൂർ ജില്ലാശുപത്രിയെ തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. അതിനാവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(9) <u>കോവിഡ് കാലത്ത് വാങ്ങിയ മെഡിക്കൽ ഉപകരണങ്ങൾ ഉപയോഗിക്കാതെ ഉപേക്ഷിച്ചത് സംബന്ധിച്ച്</u>

<u>ശ്രീ. അബിൻ വർക്കി കോടിയാട്ട്</u>: മാഡം ഡെപ്യൂട്ടി സ്പീക്കർ, കോവിഡ് മഹാമാരി കാലത്ത് ജനങ്ങൾ ശ്വാസം ലഭിക്കാതെ

പിടഞ്ഞപ്പോൾ സർക്കാർ വാങ്ങിയ ഉപകരണങ്ങൾ ഇന്നും പെട്ടിപോലും പൊട്ടിക്കാതെ ഗോഡൗണുകളിൽ കോറന്റയിനിൽ നിൽക്കുന്ന കാഴ്ച നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. ആമസോൺ ഓൺലൈൻ വിൽപന സ്ഥാപനത്തിൽനിന്ന് സാധനങ്ങൾ വാങ്ങാൻ ഓർഡർ ചെയ്ത് വാങ്ങിക്കഴിയുമ്പോഴാണ് ഇത് എന്തിനാണ് വാങ്ങിയതെന്ന് തോന്നാറുണ്ട്. അങ്ങനെ ഒരു അവസ്ഥയിലായിരുന്ന കേരളത്തിലെ ആരോഗ്യ വകുപ്പെന്ന് തെളിയിക്കുന്നതാണ് കഴിഞ്ഞ ദിവസം വന്ന വാർത്തകളൊക്കെത്തന്നെ. 215 ആശുപത്രികളിലായി 1252 ഉപകരണങ്ങളാണ് ഇന്നും ഉപയോഗിക്കാതെ കിടക്കുന്നതെന്നാണ് മനസ്സിലാക്കുന്നത്. അതിൽത്തന്നെ 222 ഉപകരണങ്ങളുടെ പെട്ടിപോലും പെട്ടിച്ചിട്ടില്ലെന്നാണ് അടുത്ത ദിവസങ്ങളിൽ കണ്ട വാർത്തകളിൽനിന്ന് വ്യക്തമാകുന്നത്. അയ്യായിരത്തിലധികം കോടി രൂപയുടെ സാധനങ്ങൾ വാങ്ങിയിട്ട് അതിൽ ആയിരത്തിയഞ്ഞൂറ് കോടി രൂപയുടെ സാധനങ്ങൾ ഉപയോഗ ശൂന്യമാണെന്നും 450 കോടി രൂപയുടെ സാധന സാമഗ്രികൾ ഏഴ് വർഷമായിട്ടും പെട്ടിപോലും പെട്ടിച്ചിട്ടില്ലെന്ന വാർത്തകൾ നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. ഇതിൽ ഏറ്റവും പ്രധാനം

200 വെന്റിലേറ്ററുകൾ ഇതേവരെ ഉപയോഗിക്കാൻ സാധിച്ചിട്ടില്ലെന്നതാണ്. സാധാരണക്കാരന് ഒരു സ്വകാര്യ ആശുപത്രിയിൽ വെന്റിലേറ്റർ ഉപയോഗിക്കണമെങ്കിൽ അവന്റെ വീടും പറമ്പും പണയം വയ്ക്കേണ്ട അവസ്ഥയിലാണ്. അപ്പോഴാണ് സർക്കാർ ആശുപത്രികളിൽ ഇരുന്നൂറോളം വെന്റിലേറ്ററുകൾ ശ്വാസം കിട്ടാതെ നരകിക്കുന്ന കാഴ്ച നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ ദിവസങ്ങളിൽ മാതൃഭൂമി ദിനപ്പത്രം ഇതുമായി ബന്ധപ്പെട്ട് ഒരു പരമ്പര തന്നെ പുറത്തിറക്കിയിട്ടുണ്ട്. അതിൽ എന്റെ ജില്ലയായ പത്തനംതിട്ട ജില്ലയെക്കുറിച്ച് പറഞ്ഞിരിക്കുന്നത്, പത്തനംതിട്ട ജനറൽ ആശുപത്രിയിൽ ശിശുക്കൾക്കായി ഒരു ഇൻക്യുബേറ്റർ വാങ്ങിയിട്ടുണ്ടെന്നും പക്ഷേ അത് ഉപയോഗിക്കാൻ സാധിച്ചിട്ടില്ലെന്നുമാണ്. കോഴഞ്ചേരി ജില്ലാശുപത്രിയിൽ ഒരു ദന്തൽ എക്സറേ മെഷീൻ വാങ്ങിയിട്ടുണ്ടെന്നും അത് ഉപയോഗിച്ചിട്ടില്ലെന്നുമാണ്. റാന്നി താലൂക്ക് ആശുപത്രിയിലും കോന്നിയിലും ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ഇങ്ങനെ നിരവധി ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. പക്ഷേ ഉപയോഗിക്കാൻ സാധിച്ചിട്ടില്ല. ഈ സംസ്ഥാനത്ത് 14 ജില്ലകളിലായി 1252-ഓളം

ഉപകരണങ്ങളാണ് വാങ്ങിയിട്ട് ഉപയോഗിക്കാതെയിരിക്കുന്നത്. അതിന്റെ പൂർണ്ണമായ ലിസ്റ്റ് എന്റെ കൈയിലുണ്ട് അത് ഞാൻ സഭയുടെ മേശപ്പുറത്ത് വയ്ക്കുകയാണ്+. വാങ്ങിയ പല സാധനങ്ങൾ ക്വാളിറ്റി കുറഞ്ഞവയാണ്. 17 പി.എസ്.എ. അഞ്ച് കോടി രൂപ മുടക്കി വാങ്ങി. അത് ഓപ്പറേഷൻ തീയറ്ററുകളിലും ഐ.സി.യു.-വുകളിലും ഉപയോഗിക്കുന്നവയാണ്. പക്ഷേ ശ്വാസം മുട്ടുന്നവർക്ക് വായു വലിക്കാമെന്നല്ലാതെ ഇന്നേവരെ അത് ഉപയോഗിക്കാൻ സാധിച്ചിട്ടില്ല. നാട്ടിലെ രോഗികൾ ഡയാലിസിസിനുവേണ്ടി കൃ നിൽക്കുന്ന അവസ്ഥയിൽ ഡയാലിസിസ് മെഷീൻ പൂപ്പൽ പിടിച്ചുകിടക്കുകയാണ്. ഒരു കോടി രൂപ വിലയുള്ള അത്യാധുനിക മൈക്രോസ്കോപ്പ് വാങ്ങിയിട്ടുണ്ട്. പക്ഷേ അതും പൂപ്പൽപിടിച്ചുകിടക്കുകയാണ്. യൂറിൻ അനലൈസർ വാങ്ങി വച്ചിട്ടുണ്ട്. ചിലത് ഉപയോഗിക്കുന്നില്ലെന്ന് മാത്രമല്ല പലതിലും ശരിയായ റിസൽട്ട് ലഭിക്കാത്തതുമൂലം പലരും വലിയ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. കോവിഡ് മഹാമാരി വലിയ ദുരന്തമായിരുന്നെങ്കിലും ചിലർക്കത് വലിയ രീതിയിലുള്ള ഗോൾഡൻ ഓഫർ സീസണായിരുന്നുവെന്ന് കഴിഞ്ഞ

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സി ആൻഡ് എ.ജി. റിപ്പോർട്ട് വ്യക്തമാക്കുന്നുണ്ട്. 2016 മുതൽ 2022 വരെയുള്ള കാലയളവുകളിലെ സി. ആൻഡ് എ.ജി. റിപ്പോർട്ടിലെ 'പബ്ലിക് ഹെൽത്ത് ഇൻഫ്രാസ്ട്രക്ചർ ആൻഡ് മാനേജ്മെന്റ് ഓഫ് ഹെൽത്ത് സർവീസസ്' (Public Health Infrastructure and Management of Health Services) -ൽ പറയുന്നത് 550 രൂപയുടെ പി.പി.ഇ. കിറ്റ് 300 ശതമാനം അധികം നൽകി 1550 രൂപയ്ക്ക് വാങ്ങിയെന്നതാണ്.

മാഡം ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട അംഗം സമയ പരിമിതിയുണ്ട്. വിശദാംശങ്ങൾ അങ്ങയ്ക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

ശ്രീ. അബിൻ വർക്കി കോടിയാട്ട്: മാഡം ഡെപ്യൂട്ടി സ്പീക്കർ, ഞാൻ പ്രസംഗം അവസാനിപ്പിക്കുകയാണ്. അഗ്രത ഏവൺ എന്ന പച്ചക്കറിക്കടക്കാരൻ കമ്പനി പി.പി.ഇ. കിറ്റ് നൽകി. പച്ചക്കറിക്ക് മരുന്നടിക്കുമ്പോൾ ഉപയോഗിക്കുന്ന കോട്ടാണ് പി.പി.ഇ. കിറ്റാണെന്ന് പറഞ്ഞ് കേരളത്തിലെ കെ.എം.എസ്.സി.എൽ.-ന് നൽകിയതെന്ന് പിന്നീട് കണ്ടതാണ്. കെ.എം.എസ്.സി.എൽ. എന്നത് കേരള മെഡിക്കൽ സപ്ലൈസ് കോർപ്പറേഷനാണോ അതോ കമ്മീഷൻ മേക്കിങ് സർവീസ്

ആണോ എന്നുള്ളത് പരിശോധിക്കേണ്ട കാലഘട്ടത്തിലൂടെയാണ് പോകുന്നത്. ഇതുമാത്രമല്ല ഏറ്റവും പ്രധാനപ്പെട്ട കാര്യം കണ്ണ് പരിശോധനയ്ക്ക് ഉപയോഗിക്കുന്ന ഫണ്ടസ് ക്യാമറ വാങ്ങിയിട്ടുണ്ട്. കേരളത്തിലെ പി.എച്ച്.സി.-കളിൽ ഉപയോഗിക്കുന്നവയാണിത്. 3.2 ലക്ഷം രൂപ വിലയുള്ള 224 ഫണ്ടസ് ക്യാമറകൾ 7.16 കോടി രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. 224 ഐഫോണുകളാണ് ഈ ക്യാമറകളിൽ ഉപയോഗിക്കാൻ വേണ്ടി വാങ്ങിയിട്ടുള്ളത്. 224 ഐഫോൺ ലക്ഷങ്ങൾ മുടക്കി വാങ്ങിയിട്ട് ഇന്ന് അത് ആരാണ് ഉപയോഗിക്കുന്നതെന്ന് ആർക്കും മനസ്സിലായിട്ടില്ല. ഈ ഐഫോണുകൾ ആരാണ് ഉപയോഗിക്കുന്നതെന്നത് **IMEI നമ്പർ (International Mobile Equipment Identity)** പരിശോധിച്ച് സിം ഇട്ടിട്ടുണ്ടോയെന്നത് പരിശോധിക്കേണ്ടതാണ്. സെന്റ് ലൂക്ക് കമ്പനിയുടെ പേര് ഇ.ഡി.-യുടെ ലിസ്റ്റിലുണ്ടെന്ന് കേട്ടിരുന്നു. 45 കോടി രൂപയുടെ ഉപകരണങ്ങളാണ് ഈ കമ്പനിയിൽനിന്ന് മാത്രം കെ.എം.എസ്.സി.എൽ. വാങ്ങിയിട്ടുള്ളത്.

മാഡം ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്

Submission

ശ്രീ. അബിൻ വർക്കി കോടിയാട്ട്: മാഡം ഡെപ്യൂട്ടി സ്പീക്കർ, കെ.എം.എസ്.സി.എൽ.-ൽ തീ പിടുത്തമുണ്ടാകുകയാണ്. ഇത് ദുരൂഹ തീ പിടുത്തങ്ങളാണ്. ഷോർട്ട് സർക്യൂട്ട് ഉണ്ടാക്കുന്ന ഒരു മാന്ത്രിക കേന്ദ്രങ്ങളായി കെ.എം.എസ്.സി.എൽ. കേന്ദ്രങ്ങൾ മാറിയിരിക്കുകയാണ്. തിരുവനന്തപുരത്തും കൊല്ലത്തും ആലപ്പുഴയിലും തീ പിടുത്തങ്ങളുണ്ടായി. ഈ കോവിഡ് മഹാമാരിക്കാലത്ത് വാങ്ങിയ സാധന സാമഗ്രികളൊക്കെ സൂക്ഷിച്ചിരുന്ന ഗോഡൗണുകളിൽ തീ പിടിച്ചു. ഇങ്ങനെ തീ പിടുത്തമുണ്ടായപ്പോൾ ഉപകരണങ്ങൾ പലതും നശിച്ചില്ലെങ്കിലും പല തെളിവുകളും നശിച്ചതായി പത്രവാർത്തകളുണ്ട്. അതുകൊണ്ടുതന്നെ കോവിഡ് മഹാമാരിക്കാലത്ത് വാങ്ങിക്കൂട്ടിയ ഉപകരണങ്ങൾ ഉപയോഗിക്കാതെ, പെട്ടികൾപോലും പൊട്ടിക്കാതെ വച്ചിരിക്കുന്നതിലുള്ള വിശദീകരണം ബഹുമാനപ്പെട്ട ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണം.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): മാഡം ഡെപ്യൂട്ടി സ്പീക്കർ, കോവിഡ് മഹാമാരിക്കാലത്തും മറ്റ് കാലയളവുകളിലും

സർക്കാർ ആശുപത്രികൾക്കായി പൊതുപണം ചെലവഴിച്ച് വാങ്ങിയ മെഡിക്കൽ ഉപകരണങ്ങൾ പലതും ഗുണനിലവാരമില്ലാത്തതും യഥാസമയം സ്ഥാപിക്കാത്തതിനാൽ പ്രവർത്തനസജ്ജമാക്കാതെയും ദീർഘകാലം ഉപയോഗശൂന്യമായി കിടക്കുന്നതായിട്ടുള്ള പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോടിക്കണക്കിന് രൂപ ചെലവഴിച്ച് വാങ്ങുന്ന ഉപകരണങ്ങളുടെ വാറണ്ടി കാലാവധി കഴിഞ്ഞതിനാൽ ആവശ്യമായ അറ്റകുറ്റപ്പണികളും പരിപാലനവും നടത്താതെ നശിക്കാൻ ഇടവരുന്നത് ഗൗരവത്തോടെയാണ് സർക്കാർ കാണുന്നത്. ഈ സാഹചര്യം സമഗ്രമായി പരിശോധിക്കുന്നതിനായി ആരോഗ്യ-കുടുംബക്ഷേമവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷയായി പ്രത്യേക അന്വേഷണ സംഘത്തെ സർക്കാർ നിയോഗിച്ചിരുന്നു. ഉപകരണങ്ങൾ വാങ്ങിയതിന്റെ ആവശ്യകത, അവയുടെ ഗുണനിലവാരം, പ്രവർത്തനസജ്ജമാക്കിയതിലെ വീഴ്ചകൾ, ദീർഘകാലം ഉപയോഗിക്കാത്തതിന്റെ കാരണങ്ങൾ, ഉത്തരവാദികളായ ഉദ്യോഗസ്ഥർ തുടങ്ങിയ കാര്യങ്ങളാണ് സംഘം പരിശോധിച്ചത്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളെ സംബന്ധിച്ച് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ടി

റിപ്പോർട്ടുകൾ സർക്കാർ പരിശോധിച്ച് വരികയാണ്. പരിശോധനയിൽ ആലപ്പുഴ മെഡിക്കൽ കോളേജിൽ കെ.എം.എസ്.സി.എൽ. മുഖേന വിതരണം ചെയ്ത രണ്ട് ഓക്സിജൻ ജനറേറ്റർ പ്ലാന്റുകൾക്ക് ആവശ്യമായ അളവിലും മർദ്ദത്തിലുമുള്ള ഓക്സിജൻ ഉൽപാദിപ്പിക്കാൻ കഴിയുന്നില്ലെന്നും അത് പൂർണ്ണമായും പ്രവർത്തനസജ്ജമായിട്ടില്ലെന്നും കണ്ടെത്തിയിട്ടുണ്ട്. അക്കാര്യം ബഹുമാനപ്പെട്ട ചെയറിനും അറിവുള്ളതാണ്. പി.എം.കെയേഴ്സ് (PM CARES Fund) പദ്ധതിയിൽ ലഭിച്ച വെന്റിലേറ്ററുകളിൽ ചിലത് ഗുണനിലവാരം, പ്രവർത്തനവിശ്വാസ്യത, പരിപാലന ചെലവ് തുടങ്ങിയ കാരണങ്ങളാൽ നിലവിൽ ഉപയോഗിക്കുന്നില്ല. കോട്ടയം, മഞ്ചേരി, കണ്ണൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളിലായി ഇത്തരം 128 വെന്റിലേറ്ററുകൾ ഉപയോഗിക്കാനാകാതെ ഉള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലും കോവിഡ് കാലത്ത് അധികമായി ലഭിച്ച വെന്റിലേറ്ററുകൾ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ ഉപയോഗിക്കാതെ കിടക്കുന്ന സാഹചര്യവും കണ്ടെത്തിയിട്ടുണ്ട്. വയനാട്, എറണാകുളം ജില്ലകളിൽ ഇത്തരത്തിലുള്ള

ഉപകരണങ്ങളെ സംബന്ധിച്ച് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഉപകരണങ്ങൾ വാങ്ങുന്നതുകൊണ്ട് മാത്രം സർക്കാരിന്റെ ഉത്തരവാദിത്വം അവസാനിക്കുന്നില്ല. അവ യഥാസമയം സ്ഥാപിക്കുകയും പ്രവർത്തിപ്പിക്കുകയും പരിപാലിക്കുകയും പൊതുജനങ്ങൾക്ക് ചികിത്സാ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി പ്രയോജനപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. 7.16 കോടി രൂപയ്ക്ക് 224 ഐഫോൺ വാങ്ങുകയും അവ ഉപയോഗിച്ച് പ്രവർത്തിക്കുന്നതിന് ഫണ്ടസ് ക്യാമറയും വാങ്ങി. എന്നാൽ ഒന്നുപോലും ഉപയോഗിക്കാതെ പല ആശുപത്രികളിലും പൂട്ടിയിട്ടിട്ടുണ്ട്. പല ഐഫോണുകളും കാണാനില്ലെന്ന പരാതിയും ലഭിച്ചിട്ടുണ്ട്. ഉപയോഗിക്കാതെ കിടക്കുന്ന ഉപകരണങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് അവയുടെ ആവശ്യകത വിലയിരുത്തി മറ്റ് ആശുപത്രികളിലേക്ക് പുനർവിന്യസിക്കുന്നതിനും അറ്റകുറ്റപ്പണികളും പരിപാലനവും സമയബന്ധിതമായി നടത്തുന്നതിനും സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി ബയോമെഡിക്കൽ എക്യുപ്മെന്റ് മെയിന്റനൻസ് പ്രോഗ്രാമും ജില്ലാതല നിരീക്ഷണ സംവിധാനവും ഇപ്പോൾ

നിലവിലുണ്ട്. പൊതുപണം ചെലവഴിച്ച് വാങ്ങുന്ന മെഡിക്കൽ ഉപകരണങ്ങൾ പെട്ടികളിൽ കിടന്ന് നശിക്കുന്നതും പ്രവർത്തനരഹിതമായി ഉപേക്ഷിക്കപ്പെടുന്നതോ ഒരിക്കലും അനുവദിക്കാനാകില്ല. ഇത്തരം വീഴ്ചകൾക്ക് കാരണക്കാരായിട്ടുള്ളവരുടെ ഉത്തരവാദിത്വം പരിശോധിക്കുകയും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യും. ഉപകരണങ്ങൾ വാങ്ങുന്നത് മുതൽ അവയുടെ പ്രവർത്തനവും പരിപാലനവും ഉറപ്പാക്കുന്നതുവരെ ഉത്തരവാദിത്വം നിർണ്ണയിക്കുന്നതിനും ഭാവിയിൽ ഇത്തരം പാഴ്ചെലവുകൾ ആവർത്തിക്കാതിരിക്കുന്നതിനും സർക്കാർ ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് ധാരാളം പൊതുപണം ദുരുപയോഗം ചെയ്തതായി വ്യാപകമായ പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ, ഈ അഴിമതി അന്വേഷിക്കാൻ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് നിർദേശം നൽകിയിട്ടുണ്ട്.

(10) പഴയന്നൂർ പഞ്ചായത്തിലെ കട്ടാനശല്യം

ശ്രീ. യു. ആർ. പ്രദീപ്: മാഡം ഡെപ്യൂട്ടി സ്പീക്കർ, എന്റെ നിയോജകമണ്ഡലമായ ചേലക്കരയിൽ കാട്ടാനയിറങ്ങി വ്യാപകമായി കൃഷി

നശിപ്പിക്കുന്ന സാഹചര്യമാണ്. അതുമായി ബന്ധപ്പെട്ടാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ചേലക്കര നിയോജകമണ്ഡലത്തിലെ പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ അതിർത്തി പ്രദേശമായ തിരുമണി മുതൽ മുള്ളൂർക്കര ഗ്രാമപഞ്ചായത്തിലെ പട്ടാണിക്കാട് വരെയുള്ള പ്രദേശത്ത് ഏകദേശം 45 കിലോമീറ്റർ ദൂരം ജനവാസമേഖലയോട് ചേർന്നാണ് വനാതിർത്തിയുള്ളത്. ഈ പ്രദേശത്ത് കഴിഞ്ഞ രണ്ട് വർഷമായി നിരന്തരം ആനയിറങ്ങി കൃഷി നാശമുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ പഴയന്നൂർ, ചേലക്കര, പാഞ്ഞാൾ, മുള്ളൂർക്കര എന്നീ നാല് പഞ്ചായത്തുകളിൽ വനാതിർത്തി പ്രദേശങ്ങളിൽനിന്നും ജനവാസമേഖലകളിലേയ്ക്ക് സ്ഥിരമായി ആന ഇറങ്ങുന്നുണ്ട്. അതുമായി ബന്ധപ്പെട്ട് 2025-ൽ 169-ഉം 2026-ൽ 261-ഉം സംഭവങ്ങളുണ്ടായിട്ടുണ്ട്. ഏകദേശം 82 കർഷകരുടെ കൃഷി കാട്ടാന നശിപ്പിച്ചിട്ടുണ്ട്. ഏകദേശം 3.94 ലക്ഷം രൂപയുടെ നാശനഷ്ടമുണ്ടായിട്ടുള്ളതായി മനസ്സിലാക്കാം. എന്നാൽ ഇതുവരെ ഒൻപത് പേർക്കായി 50,000 രൂപ മാത്രമാണ് നഷ്ടപരിഹാരമായി അനുവദിച്ചിട്ടുള്ളത്. ശേഷിക്കുന്ന 73 പേർക്ക് 3.44

ലക്ഷം രൂപ നൽകാനുണ്ട്. ഇക്കാര്യത്തിൽ സർക്കാർ ഗൗരവമായി ഇടപെടണം. ഇതുമായി ബന്ധപ്പെട്ട് മുമ്പ് മറ്റൊരു സബ്മിഷൻ ഉന്നയിച്ചിരുന്നു. കുതിരാൻ തുരങ്കം വന്നതിനുശേഷം പീച്ചി മേഖലയിൽ നിന്നും ആനകൾ മച്ചാട് വനമേഖലയിലേക്ക് കടക്കുകയും അവിടെനിന്നും ചേലക്കരയിലെ ജനവാസമേഖലകളിലെത്തി നിരന്തരം ശല്യമുണ്ടാക്കുകയാണ്. ഇവിടെ കർഷകരുടെയും ജനങ്ങളുടെയും ആശങ്ക അകറ്റുന്നതിനായി, ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ചേലക്കരയിൽ ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ആനകളെ പീച്ചി കാട്ടിലേക്ക് തുരത്താനുള്ള ഒരു ഇടപെടൽ നടത്താമെന്ന് നേരത്തെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചിരുന്നു. അരുവിക്കര നിയോജകമണ്ഡലം എം.എൽ.എ. ശ്രീ. ജി. സ്റ്റീഫൻ, ഇതുമായി ബന്ധപ്പെട്ട വിഷയം സംബന്ധിച്ച് സബ്മിഷൻ നൽകാൻ ശ്രമിച്ചിട്ടും അവസരം ലഭിച്ചിട്ടില്ല. അതുപോലെ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി ഇതേ വിഷയവുമായി ബന്ധപ്പെട്ട് സബ്മിഷൻ നൽകാൻ ശ്രമിച്ചിട്ടുണ്ട്. ഇത് വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ്.

അതുകൊണ്ടുതന്നെ കൃഷിക്കാരെ സഹായിക്കാൻ കഴിയുന്ന തരത്തിലുള്ള ഒരു ഇടപെടലുണ്ടാകണമെന്ന് അഭ്യർഥിക്കുന്നു.

വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): മാഡം ഡെപ്യൂട്ടി സ്പീക്കർ, നേരത്തെ സമാന വിഷയം സബ്മിഷനായി സഭയിൽ ഉന്നയിച്ചിട്ടുള്ളതാണ്. അന്ന് ഇതുമായി ബന്ധപ്പെട്ട സാഹചര്യം വിശദീകരിച്ചിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ച 140 സ്ക്വയർ കിലോമീറ്ററോളമുള്ള സ്ഥലങ്ങളിൽ 14 ആനകൾ വന്നുപെട്ടിട്ടുണ്ട്. കുതിരാൻ തുരങ്കത്തിന്റെ നിർമ്മാണത്തെത്തുടർന്ന് ഈ പ്രദേശങ്ങളിലേക്ക് ആന എത്താൻ സാധ്യതയുള്ളതുകൊണ്ട് അത് തടയുന്നതിനായി ഒരു റെയിൽ ഫെൻസ് പണിയണമെന്ന നിർദേശം നേരത്തേയുണ്ടായിരുന്നു. പക്ഷെ എന്തോ വിചിത്രമായ കാരണമുള്ളതുകൊണ്ട് റെയിൽ ഫെൻസ് പണിതില്ല. ആന ഇപ്പുറത്തെ ഭാഗത്തേക്ക് എത്തുകയും ചെയ്തു. എന്നാൽ അതിനുശേഷം സോളാർ ഫെൻസ് സ്ഥാപിച്ചു. അതുകൊണ്ടുതന്നെ ഒരുകാരണവശാലും അവയ്ക്ക് തിരിച്ചുപോകാൻ കഴിയാത്ത സാഹചര്യവുമായി. ഈ പ്രശ്നം എങ്ങനെ പരിഹരിക്കാൻ കഴിയുമെന്ന് പരിശോധിച്ചുവരികയാണ്. ഇവിടെ

പ്രത്യേകിച്ച് 40 കിലോമീറ്ററോളം സ്ഥലത്താണ് ആന സ്ഥിരമായിറങ്ങുന്നത്. അതിൽ മുപ്പത് കിലോമീറ്റർ സ്ഥലത്ത് അഞ്ച് ലൈൻ സോളാർ ഫെൻസ് ഇതുവരെ സ്ഥാപിച്ചിട്ടുണ്ട്. ഇനി 17 കിലോമീറ്ററാണ് അതിൽ ബാക്കിയുള്ളത്. എം.എൽ.എ. ഫണ്ടിൽനിന്നും ലഭിച്ച തുകയിൽ നിന്നും 14 കിലോമീറ്ററിന്റെ ടെൻഡറിങ് പൂർത്തീകരിച്ചു. ബാക്കി മൂന്ന് കിലോമീറ്റർ ദൂരം ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ ഫണ്ട് ഉപയോഗിച്ച് ചെയ്യാവുന്നതാണ്. ആനുകൂല്യ വിതരണത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച കണക്ക്, ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ കണക്കുമായി പൊരുത്തപ്പെടുന്നില്ലെന്ന കാര്യമാണ് സൂചിപ്പിക്കാനുള്ളത്. 2025-26 വർഷങ്ങളിൽ 17 അപേക്ഷകളിലായി ആകെ 56,832/- രൂപ വിതരണം ചെയ്തിട്ടുണ്ട്. 2025-ൽ 18-ഉം 2026-ൽ 16-ഉം അപേക്ഷകളുൾപ്പെടെ ആകെ 34 അപേക്ഷകളാണ് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന് ലഭിച്ചിട്ടുള്ളത്. ഇതിൽ പതിനേഴ് അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. പതിനേഴ് എണ്ണത്തിൽ ആവശ്യമായ രേഖകളില്ലാത്തതുകൊണ്ട് അവ പെൻഡിങ്ങിലാണ്. രേഖകൾ ലഭ്യമാകുന്ന

മുറയ്ക്ക് തുക അനുവദിക്കും. അതിൽ തടസ്സമില്ല. മാത്രമല്ല ഇക്കാര്യത്തിൽ പലപ്പോഴും കാലതാമസം വരുന്നതുകൊണ്ട് ആനുകൂല്യ വിതരണവുമായി ബന്ധപ്പെട്ട് ഒരു എസ്.ഒ.പി. തയ്യാറാക്കുന്നുണ്ട്. അപേക്ഷ സമർപ്പിക്കുമ്പോൾ എന്തൊക്കെ ഡോക്യുമെന്റ്സ് വേണമെന്നത് നിഷ്കർഷിച്ചുകൊണ്ടുള്ള അറിയിപ്പ് വെബ്സൈറ്റിൽ നൽകും. ആവശ്യമായ ഡോക്യുമെന്റ്സ് ഉൾപ്പെടുത്തി അപേക്ഷ സമർപ്പിച്ചാൽ നിശ്ചിത ദിവസത്തിനകം ആനുകൂല്യം നൽകിയിരിക്കണമെന്ന തരത്തിൽ ഒരു എസ്.ഒ.പി. തയ്യാറാക്കിവരുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് നാളിതുവരെ ആയത് ഗൗരവമായി കണക്കാക്കിയില്ല എന്നതിന്റെ തെളിവാണ് ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ സൂചിപ്പിക്കുന്ന ഓരോ കാര്യങ്ങളും. ഈ പ്രശ്നം പരിഹരിക്കുന്നതിനായി 2019-ൽ പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ നാല് കോടി രൂപ നൽകിയിരുന്നു. എന്നാൽ നാളിതുവരെ ടി തുക ഉപയോഗിച്ചിട്ടില്ല. ഇപ്പോഴും അത് ബാങ്ക് അക്കൗണ്ടിലുണ്ട്. യാതൊരു കാര്യങ്ങളും ചെയ്തിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നിലവിലൊരു പ്രൊപ്പോസൽ മൂവ് ചെയ്തിട്ടുണ്ട്. അതുകൂടി ശരിയായ രീതിയിൽ ലഭ്യമായതിനുശേഷം, ടാസ്ക്

ഫോഴ്സ് രൂപീകരിച്ചുകൊണ്ട് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്താം. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കഴിയുന്ന മുറയ്ക്ക് ആനകളെ വനത്തിലേയ്ക്കുതന്നെ തിരിച്ചയയ്ക്കാവുന്ന തരത്തിൽ ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തുന്ന കാര്യം തീർച്ചയായും പരിഗണനയിലുണ്ട്. അതുസംബന്ധിച്ച് നേരത്തെ ഉറപ്പ് നൽകിയിട്ടുള്ളതാണ്. അക്കാര്യങ്ങളുമായി മുന്നോട്ട് പോകാവുന്നതാണ്.

(11) ചാത്തന്നൂർ താലൂക്ക് രൂപീകരണം

ശ്രീ. ബി. ബി. ഗോപകുമാർ: സർ, ചാത്തന്നൂർ കേന്ദ്രമായി ഒരു താലൂക്ക് രൂപീകരിക്കണമെന്നത് മൂന്ന് പതിറ്റാണ്ട് കാലമായുള്ള ആവശ്യമാണ്. ഈ സഭയ്ക്കകത്തും പുറത്തും ഈ മൂന്ന് പതിറ്റാണ്ടിനിടയിൽ പല പ്രാവശ്യം ഇതുപോലെ സബ്മിഷനായും ചോദ്യമായും ചാത്തന്നൂർ താലൂക്ക് രൂപീകരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യപ്പെട്ടതാണ്. പക്ഷേ നാളിതുവരെയായി അതുമായി ബന്ധപ്പെട്ട് അനുഭാവപൂർവമായ നടപടിയുണ്ടായിട്ടില്ല. കൊല്ലം ജില്ലയിൽ 6 താലൂക്കുകളാണ് നിലവിലുള്ളത്. അതിൽ കൊല്ലം താലൂക്കിൽ 31-ഉം

Submission

കരുനാഗപ്പള്ളി താലൂക്കിൽ 17-ഉം കുന്നത്തൂർ താലൂക്കിൽ 7-ഉം പുനലൂർ താലൂക്കിൽ 15-ഉം പത്തനാപുരം താലൂക്കിൽ 8-ഉം കൊട്ടാരക്കര താലൂക്കിൽ 27-ഉം വില്ലേജുകളാണുള്ളത്. കൊല്ലം താലൂക്ക് ഇന്ന് ഏറ്റവും കൂടുതൽ വില്ലേജുകളുള്ള താലൂക്കാണ്. ചാത്തന്നൂർ എന്നത് കൊല്ലം താലൂക്കിന്റെ ഭാഗമാണ്. കൊല്ലം, ഇരവിപുരം, ചാത്തന്നൂർ, കുണ്ടറ എന്നീ 4 നിയമസഭാമണ്ഡലങ്ങൾ ഉൾക്കൊള്ളുന്നതാണ് കൊല്ലം താലൂക്ക്. അതുകൊണ്ടുതന്നെയാണ് സഭയിൽ ഈ ആവശ്യം ഉന്നയിച്ചിട്ടുള്ളത്. ബഹുമാന്യനായ അന്തരിച്ച സി. വി. പത്മരാജൻ സംസ്ഥാനത്തെ മന്ത്രിയായിരിക്കുന്ന അവസരത്തിലാണ് ചാത്തന്നൂർ താലൂക്ക് രൂപീകരിക്കണമെന്ന ആവശ്യം ആദ്യമായി സഭയിൽ വന്നത്. താലൂക്ക് രൂപീകരണവുമായി ബന്ധപ്പെട്ട് നാളിതുവരെ രൂപീകരിച്ചിട്ടുള്ള എല്ലാ കമ്മീഷനുകളും കൊല്ലം ജില്ലയിൽ ഇനി ഒരു താലൂക്ക് അനുവദിക്കുകയാണെങ്കിൽ ഏറ്റവും ആദ്യം അനുവദിക്കപ്പെടേണ്ടത് ചാത്തന്നൂർ ആണെന്നുള്ള റിപ്പോർട്ട് ബന്ധപ്പെട്ട മന്ത്രിമാർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ആ ഒരു ആവശ്യം പരിഗണിക്കാൻ ഇന്നേവരെ

കഴിഞ്ഞിട്ടില്ലെന്ന യാഥാർഥ്യവും നമ്മുടെ മുന്നിലുണ്ട്. കൊല്ലം കളക്ടർ 2023-ൽ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൊല്ലം താലൂക്ക് വിഭജിച്ച് ചാത്തന്നൂരും കൊട്ടാരക്കര, പുനലൂർ താലൂക്കുകൾ വിഭജിച്ച് ചടയമംഗലം അല്ലെങ്കിൽ കടയ്ക്കൽ കേന്ദ്രമാക്കിയും പുതിയ താലൂക്കുകൾ രൂപീകരിക്കാൻ 2024 ഡിസംബറിൽ അന്നത്തെ ലാൻഡ് റവന്യു കമ്മീഷണർ സർക്കാരിന് ശിപാർശ നൽകിയിരുന്നു. എന്നാൽ പിന്നീട് ചുമതലയേറ്റെടുത്ത ലാൻഡ് റവന്യു കമ്മീഷണർ ആ റിപ്പോർട്ട് അവഗണിക്കുകയാണ് ചെയ്തത്. ആ ഉദ്യോഗസ്ഥന്റെ നടപടിയെക്കുറിച്ച് അന്വേഷിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. ഭൂപ്രകൃതി, വിസ്തൃതി, ജനസംഖ്യാനുപാതം, ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം കാലതാമസം കൂടാതെ ലഭിക്കണം എന്നീ ഏത് ആവശ്യം പരിഗണിച്ചാലും യഥാർഥത്തിൽ കഴിഞ്ഞ മൂന്ന് പതിറ്റാണ്ടിനുള്ളിൽ ഏറ്റവും ആദ്യം പരിഗണിക്കേണ്ടതായിരുന്നു ആയിരുന്ന ചാത്തന്നൂർ താലൂക്ക് രൂപീകരണം. ആ ചാത്തന്നൂർ താലൂക്ക് അനുവദിക്കാനാവശ്യമായ നടപടിയുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

Submission

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, കൊല്ലം ജില്ലയിലെ ചാത്തന്നൂർ അസംബ്ലി നിയോജകമണ്ഡലം കൊല്ലം താലൂക്കിന്റെ പരിധിയിൽപ്പെട്ട മീനാട്, ആദിചെന്നല്ലൂർ, പൂതക്കുളം, കോട്ടപ്പുറം, പരവൂർ, പാരിപ്പള്ളി, കല്ലുവാതുക്കൽ എന്നീ വില്ലേജുകളും കൊട്ടാരക്കര താലൂക്കിന്റെ പരിധിയിലുൾപ്പെട്ട പൂയപ്പള്ളി വില്ലേജുംകൂടി ചേർന്നതാണ്. ഈ വില്ലേജുകളിലെ ജനങ്ങൾ വളരെയധികം യാത്ര ചെയ്താണ് കൊല്ലം ടൗണിൽ സ്ഥിതി ചെയ്യുന്ന താലൂക്ക് ഓഫീസിൽ വിവിധ ആവശ്യങ്ങൾക്കായി എത്തിപ്പെടേണ്ടത്. കൂടാതെ ഭൂരിഭാഗം വില്ലേജുകളും ഗ്രാമപ്രദേശത്താണ് സ്ഥിതി ചെയ്യുന്നത്. താരതമ്യേന യാത്രാസൗകര്യം കുറവായതിനാൽ അടിയന്തരഘട്ടങ്ങളിൽ വില്ലേജുകളുടെ പ്രവർത്തനം തടസപ്പെടുന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ 05-10-2025-ലെ ജി. ഒ. (എം.എസ്.) നം.146/2025/ജി.എ.ഡി. ഉത്തരവുപ്രകാരം 2027-ലെ സെൻസസ് ആവശ്യങ്ങൾക്കായി സംസ്ഥാന ഭരണ യൂണിറ്റുകളുടെ അതിർത്തികളിൽ 01-01-2026 മുതൽ 31-03-2027 വരെയുള്ള കാലയളവിൽ യാതൊരു മാറ്റവും വരുത്തരുതെന്ന

ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത കാലയളവുവരെ ഇതുസംബന്ധിച്ച് യാതൊരു നടപടിയും സ്വീകരിക്കാൻ സാധിക്കുന്ന സാഹചര്യമല്ല. പക്ഷേ ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യങ്ങളെക്കുറിച്ച്, പുതിയ ജില്ലകളും താലൂക്കുകളും രൂപീകരിക്കേണ്ട ആവശ്യത്തെ സംബന്ധിച്ച് പഠിക്കാൻ ഒരു കമ്മീഷനെ നിയമിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അങ്ങ് സൂചിപ്പിച്ച ചാത്തന്നൂർ താലൂക്ക് രൂപീകരണവുമായി ബന്ധപ്പെട്ട ആവശ്യം ആ സമയത്ത് പരിശോധിക്കുന്നതാണ്.

(12) <u>മിൽമ എറണാകുളം മേഖല യൂണിയൻ ഭരണസമിതി അംഗങ്ങളെ അയോഗ്യരാക്കൽ</u>

<u>ശ്രീ. കെ. രാജൻ</u>: സർ, മിൽമയുടെ എറണാകുളം മേഖല സഹകരണ ക്ഷീരോല്പാദക യൂണിയൻ ചെയർമാൻ ശ്രീ. വത്സലൻ പിള്ളയും മേഖല യൂണിയന്റെ ഭരണ സമിതി അംഗവും തൽസ്ഥാനങ്ങളിൽ തുടരാൻ യോഗ്യതയില്ലാത്തവരാണെന്ന് ക്ഷീരവികസന വകുപ്പ് ഡയറക്ടർ നടത്തിയ അന്വേഷണത്തിൽ നേരത്തെ കണ്ടെത്തിയിട്ടുള്ളതാണ്. ഇതിനെതിരായി

Submission

സർക്കാർ മുമ്പാകെ അപ്പീൽ നൽകി സർക്കാർ സ്വാധീനം വഴി ഡയറക്ടറുടെ തീരുമാനത്തെ അട്ടിമറിക്കാനുള്ള ശ്രമം നടന്നുവരികയാണെന്ന് പൊതു ആശങ്ക നിലനിൽക്കുകയാണ്. നിലവിലുള്ള നിയമപ്രകാരം ക്ഷീരസഹകരണ സംഘം രജിസ്ട്രാർ കൂടിയായിട്ടുള്ള ക്ഷീരവികസന വകുപ്പ് ഡയറക്ടർ നടത്തിയ അന്വേഷണ റിപ്പോർട്ടും നടപടിക്രമങ്ങളും ബഹുമാനപ്പെട്ട ഹൈക്കോടതി ശരിവച്ചിട്ടുള്ളതാണ്. റിപ്പോർട്ട് റദ്ദാക്കുവാൻ ഹൈക്കോടതിയെ സമീപിച്ച ഭരണസമിതി അംഗങ്ങളുടെ കേസ് കോടതി കൃത്യമായ ധാരണകളുടെ അടിസ്ഥാനത്തിൽ തള്ളിക്കളയുകയും ചെയ്തിട്ടുണ്ട്. സംഘത്തിന്റെ നിയമാവലിക്കും സഹകരണ നിയമങ്ങൾക്കും വിരുദ്ധമായി സ്വന്തമായി കറവുമാടുകളെ വളർത്തുകയോ സംഘത്തിൽ പാൽ അളക്കുകയോ ചെയ്യുന്നില്ലെന്ന് ക്ഷീരവകുപ്പിന്റെ അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ്. ഇതിനിടയിൽ ശ്രീ. അനന്തു ഭാസി 04-02-2026-ൽ സമർപ്പിച്ച പരാതിയിന്മേൽ പ്രഥമികാന്വേഷണം നടത്തുകയും എറണാകുളം ജില്ലാ ക്ഷീര വികസന വകുപ്പ് ഡയറക്ടർ 07-04-2026-ലെ ഉത്തരവുപ്രകാരം ഇവരെ ഭരണസമിതി

അംഗത്വത്തിൽനിന്നും അയോഗ്യരാക്കുകയും ചെയ്തിട്ടുണ്ട്. തങ്ങൾക്ക് സ്വന്തമായി കറവപ്പശുക്കൾ ഉണ്ടെന്ന് കാണിക്കുന്നതിനായി ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ ഹജാരാക്കിയ മുദ്രപത്രങ്ങൾ വ്യാജമാണെന്ന് തിരുവനന്തപുരം, ആറ്റിങ്ങൽ, കോതമംഗലം സബ്ട്രഷറികളിൽനിന്ന് വിവരാവകാശനിയമപ്രകാരം ലഭിച്ച രേഖകളിൽ തെളിഞ്ഞിട്ടുണ്ട്. അന്വേഷണ വേളയിൽ ശ്രീ. വത്സലൻ പിള്ളയും ശ്രീ. പി. എസ്. സജീവും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നൽകിയ റിട്ട് ഹർജികളിൽ 09-07-2026-ൽ വിധിന്യായം പുറപ്പെടുവിക്കുകയും വിഷയം അന്തിമമായി തീരുമാനിക്കുന്നതിന് സർക്കാർ സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു. ഒരു സമയ കാലാവധി കഴിഞ്ഞപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ആറാഴ്ചത്തെ തിർപ്പാക്കൽ കാലാവധി കഴിഞ്ഞപ്പോൾ സർക്കാർ സെക്രട്ടറി കൂടുതൽ സമയം ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിക്കുകയും ബഹു. ഹൈക്കോടതി രണ്ടാഴ്ചത്തെ സമയം നീട്ടി നൽകുകയുമുണ്ടായി. 13-10-2026-ൽ ഈ കാലാവധിയും അവസാനിച്ചിട്ടുണ്ട്. വളരെ ഗൗരവമായി നമ്മൾ മനസിലാക്കേണ്ടത് ഈ ഘട്ടത്തിൽ തെറ്റായ

Submission

എഗ്രിമെന്റുകൾ വച്ച് തെരഞ്ഞെടുപ്പ് സമയത്ത് ശ്രീ. വത്സലൻ പിള്ളയുടെ 10-10-2024-ലെ എഗ്രിമെന്റ് 14-10-2024-ലാണ് വാങ്ങിയിട്ടുള്ളത്. മുദ്രപത്രം വാങ്ങിയതിന് 4 ദിവസം മുമ്പ് ആ മുദ്രപത്രത്തിന്റെ പേര് എഴുതി രേഖപ്പെടുത്തി ശ്രീ. വത്സലൻ പിള്ളയും ശ്രീ.പരമേശ്വരൻ നായരും 10 വർഷം മുമ്പോട്ടും 10 വർഷം പിറകോട്ടും കാലാവധി വച്ച് എഴുതിയ എഗ്രിമെന്റ് രജിസ്റ്റർ ചെയ്തില്ല. സ്ഥലം ലീസിനെടുത്തപ്പോൾ ഡയറി ഫാം നടത്തുന്ന ഈ രണ്ടു വ്യക്തികളുടെയും പേരിൽ 500/- രൂപയുടെ മുദ്രപത്രം വേണ്ടയിടത്ത് 200/- രൂപയുടെ മുദ്രപ്പത്രത്തിലാണ് ഈ എഗ്രിമെന്റ് എഴുതിയുണ്ടാക്കിയത്. എറണാകുളം യൂണിയന്റെ ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ട 2 പേർ തമ്മിലുള്ള എഗ്രിമെന്റ് തയ്യാറാക്കാൻ ആറ്റിങ്ങലിൽ നിന്ന് മുദ്രപ്പത്രം വാങ്ങുകയും മുദ്രപ്പത്രം തയ്യാറാക്കി 4 ദിവസം കഴിഞ്ഞാണ് യഥാർഥത്തിൽ മുദ്രപ്പത്രം കൊണ്ടുവന്നതെന്ന് രേഖപ്പെടുത്തുകയും ചെയ്തു. കേരളത്തെ സംബന്ധിച്ചിടത്തോളം മിൽമ അഭിമാനകരമായ സംവിധാനമാണ്. ആ സംവിധാനത്തിനകത്ത് അതിന്റെ നിയമാവലിക്ക് വിരുദ്ധമായി ഏതെങ്കിലും തരത്തിലുള്ള ഇടപെടൽ നടത്തി

രാഷ്ട്രീയ സ്വാധീനം ഉപയോഗിച്ചുകൊണ്ട് അതിനെ അട്ടിമറിക്കാനുള്ള ശ്രമങ്ങൾ നടന്നാൽ അത് മിൽമയിൽ അംഗങ്ങളായിരിക്കുന്ന വിവിധ സഹകരണ സംഘങ്ങളിലെ ആളുകളെ തന്നെ അവരുടെ മിൽമയെക്കുറിച്ചുള്ള വിശ്വാസ്യത വല്ലാതെ ചോദ്യം ചെയ്യുന്ന അവസരമുണ്ടാകും. ബഹുമാനപ്പെട്ട ഹൈക്കോടതി ഇക്കാര്യത്തിൽ ക്ഷീരവികസന ഡയറക്ടറുടെ നടപടി ശരിവച്ചിട്ടുള്ളതാണ്. അതിന് എതിരായി നൽകിയിട്ടുള്ള അപേക്ഷകൾ നിരസിച്ചിട്ടുള്ളതുമാണ്. ഇപ്പോൾ സെക്രട്ടറിയുടെ പുനരന്വേഷണമെന്ന വാക്ക് പറഞ്ഞുകൊണ്ട് അനാവശ്യമായ സമയമെടുത്തുകൊണ്ട് അതിന്റെ കാലാവധി നീട്ടാനുള്ള ശ്രമമാണ് നടക്കുന്നത്. ഇക്കാര്യത്തിൽ ന്യായമായ നടപടി സ്വീകരിച്ചുകൊണ്ട് ഒരു കാരണവശാലും മിൽമയുടെ, ക്ഷീര സഹകരണ പ്രസ്ഥാനത്തിന്റെ നിയമാവലികൾക്ക് യോജിക്കാത്ത വിധത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആളുകളെ സംരക്ഷിക്കാനുള്ള നടപടിയിൽ നിന്ന് പിന്മാറണമെന്നും ശ്രീ. വത്സലൻ പിള്ളയെയും കൂറ്റക്കാരായ മറ്റ് ഭരണസമിതി അംഗങ്ങളെയും അയോഗ്യരാക്കാൻ നടപടികൾ

സ്വീകരിക്കണമെന്നും സർക്കാരിനോട് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുകയാണ്.

തൊഴിൽ, മൃഗസംരക്ഷണ-വനിതാ ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി ബിന്ദു കൃഷ്ണ): സർ, ക്ഷീരവികസന വകുപ്പിന് ഇത് സംബന്ധിച്ചുള്ള തീരുമാനത്തിനെതിരെ ഭരണസമിതി അംഗങ്ങൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷനുകളിൽ 09-07-2026-ന് ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ബന്ധപ്പെട്ട കക്ഷികൾക്ക് കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 83 പ്രകാരം സർക്കാരിൽ അപ്പീൽ സമർപ്പിക്കുവാനും അപ്പീലുകൾ സമയബന്ധിതമായി തീർപ്പാക്കാനും ബഹുമാനപ്പെട്ട ഹൈക്കോടതി നിർദേശിച്ചിട്ടുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികൾ സർക്കാരിൽ അപ്പീലുകൾ ഫയൽ ചെയ്യുകയും പ്രസ്തുത അപ്പീലുകളിൽ ഇവിടെ പരാമർശിക്കപ്പെട്ടതുപോലെ 10-09-2026-ൽ ക്ഷീരവികസന വകുപ്പ് സെക്രട്ടറി ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേൾക്കുകയും ചെയ്തിട്ടുള്ളതാണ്. രാഷ്ട്രീയപ്രേരിതമായ ആരോപണമാണെന്ന് സംശയമുണ്ടെങ്കിൽപ്പോലും

സർക്കാർ ഇക്കാര്യത്തിൽ വളരെ വ്യവസ്ഥാപിതമായ മാർഗങ്ങളിലൂടെയാണ് അന്വേഷണം നടത്തുന്നത്. അപ്പീലിലെ എതിർകക്ഷി ഉന്നയിച്ച വാദങ്ങൾ ഉൾപ്പെടെ ബന്ധപ്പെട്ട വസ്തുതകളും കേരള സഹകരണ സംഘം നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ വിശദമായി പരിശോധിച്ചശേഷം മാത്രമേ ഈ അപ്പീലിൽ അന്തിമ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുവെന്നതിനാൽ ബന്ധപ്പെട്ട വകുപ്പുകളിൽനിന്ന് അഭിപ്രായം തേടിയിട്ടുണ്ട്. ആ അഭിപ്രായങ്ങൾകൂടി ലഭ്യമാകുന്നമുറയ്ക്ക് ബന്ധപ്പെട്ട രേഖകളും വസ്തുതകളും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിലെ നിർദേശങ്ങളും വിശദമായി പരിശോധിച്ച് അപ്പീലുകളിൽ നിയമാനുസൃതമായി അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

(13) <u>ചങ്ങനാശ്ശേരി ഫ്ലൈ ഓവർ നിർമ്മാണത്തിലെ അപാകതകൾ</u>

<u>ശ്രീ. വിനു ജോബ് കുഴിമണ്ണിൽ</u>: സർ, ഞാൻ പ്രതിനിധാനം ചെയ്യുന്ന ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ഏറ്റവും ഗൗരവമായ വിഷയമാണ് അവിടത്തെ ഗതാഗതക്കുരുക്ക്. ഒരുപക്ഷെ എല്ലാ സ്ഥലങ്ങളിലും ഗതാഗതക്കുരുക്ക് ഉണ്ടെങ്കിൽപ്പോലും ഒരു Man-made ഗതാഗതക്കുരുക്കാണ്

ചങ്ങനാശ്ശേരിയിൽ ഉണ്ടായിരിക്കുന്നത്. നമ്മൾ പുതിയ പാലങ്ങളും റോഡുകളും ഫ്ലൈ ഓവറുകളുമൊക്കെ വരണമെന്ന് ആഗ്രഹിക്കുന്നവരാണ്. പക്ഷെ മുൻസർക്കാരിന്റെ കാലത്ത് യാതൊരു ദീർഘവീക്ഷണമോ ശാസ്ത്രീയമായ പഠനങ്ങളോ ഇല്ലാതെ തട്ടിക്കൂട്ടിയ പദ്ധതികളുടെയും അവ അശാസ്ത്രീയമായി കരാർ നൽകുകയും ചെയ്തപ്പോൾ ഉണ്ടായ പ്രത്യാഘാതമാണ് ചങ്ങനാശ്ശേരിയിലെ ജനങ്ങൾ ഏതാനും നാളുകളായി അനുഭവിക്കുന്ന ഗതാഗതക്കുരുക്ക്. ഈ വിഷയം ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽക്കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. എം.സി. റോഡിൽ തുടങ്ങി പാലാത്തറ- ളായിക്കാട് റോഡിന് മുകളിൽക്കൂടിയും ചങ്ങനാശ്ശേരി റെയിൽവേ സ്റ്റേഷന്റെ മുൻവശത്തുകൂടിയും കടന്നുപോകുന്ന ഫ്ലൈ ഓവർ വന്നുചേരുന്നത് മറ്റൊരു ജങ്ഷനായ ചങ്ങനാശ്ശേരിയിലെ ഏറ്റവും പ്രശസ്തമായ ഒരു സ്കൂളിന്റെ സെക്കൻഡ് ഗേറ്റിന്റെ വാതിൽക്കലേക്കും ചങ്ങനാശ്ശേരി SH സിഗ്നൽ ജങ്ഷനിലേക്കുമാണ്. നമുക്കറിയാവുന്നതുപോലെ ചുവപ്പ് ലൈറ്റിനുശേഷം ഉടൻവരുന്ന പച്ച ലൈറ്റ് കാത്തിരിക്കുന്ന സിഗ്നൽ ജങ്ഷന്റെ മുമ്പിലേക്കാണ്

പുതിയ ഫ്ലൈ ഓവർ എത്തിച്ചേരുന്നത്. നിലവിലുള്ള ഗതാഗതക്കുരുക്ക് ഇല്ലാതാക്കുകയെന്നതാണ് പുതിയ ഫ്ലൈ ഓവറിന്റെ അടിസ്ഥാനതത്വം എന്ന് നമുക്ക് എല്ലാവർക്കും അറിയാം. എന്നാൽ നിലവിൽ തയ്യാറാക്കിയിരിക്കുന്ന അലൈൻമെന്റ് പ്രകാരം ഫ്ലൈ ഓവർ എത്തിച്ചേരുന്നത് അശാസ്ത്രീയമായ സ്ഥലത്താണ്. അതിനാൽ ഗതാഗതക്കുരുക്ക് അഴിക്കാൻ നിർമ്മിക്കുന്ന ഫ്ലൈ ഓവർ നിർമ്മാണം പൂർത്തിയാകുമ്പോൾ കൂടുതൽ വലിയ ഗതാഗതക്കുരുക്ക് സൃഷ്ടിക്കപ്പെടും എന്ന നിലയ്ക്ക് കാര്യങ്ങൾ എത്തിനിൽക്കുന്നു. ആയതിനാൽ ഈ ഫ്ലൈ ഓവറിന്റെ നീളം അൽപംകൂടി വർധിപ്പിച്ചാൽ മാത്രമെ ജനങ്ങൾക്ക് ഇതിന്റെ യഥാർഥ പ്രയോജനം ലഭിക്കുകയുള്ളൂ. 1.25 കി.മീ. മാത്രം നീളമുള്ള ഈ ഫ്ലൈ ഓവറിന് 0.5 കി.മീ. കൂടി നീട്ടിനൽകിയാൽ തീർച്ചയായും ഗുണകരമാകും. നമുക്ക് എല്ലാവർക്കും അറിയാവുന്നതുപോലെ ഒരു ഫ്ലൈ ഓവർ എന്നത് ഒരു ജങ്ഷൻ കടന്ന് അപ്പുറത്തേക്ക് എത്തുന്നതിനുവേണ്ടിയാണ്. എന്നാൽ ഈ ഫ്ലൈ ഓവർ ഒരു ട്രാഫിക് ജങ്ഷന്റെ മുന്നിലേക്കാണ് വന്നുചേരുന്നത്. ഇതിന്റെ പ്രയോജനം ലഭിക്കണമെങ്കിൽ 0.5 കി.മീ. കൂടി നീളം

വർധിപ്പിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രാഷ്ട്രീയ താല്പര്യങ്ങളോടെ പ്രവൃത്തികൾ ഏറ്റെടുത്ത Uralungal Labour Contract Co-Operative Society (ULCCS) എന്ന ഏജൻസിയാണ് ഈ ഫ്ലൈ ഓവറിന്റെ കരാറുകാർ. ടി ഏജൻസിയെ വിശ്വസിച്ച് ഈ പദ്ധതിയുമായി മുന്നോട്ടുപോകുന്നതിൽ ചില പ്രശ്നങ്ങളുണ്ട്. മഴക്കാലത്ത് ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിലുണ്ടാകുന്ന പ്രളയം ഏറ്റവും ദുരിതപൂർണ്ണമാണ്. ആലപ്പുഴ പ്രദേശത്തെ ജനങ്ങൾ ചങ്ങനാശ്ശേരിയിലേക്ക് എത്തിച്ചേരാൻ കൂടുതലായി ഉപയോഗിക്കുന്നത് എ.സി. റോഡാണ്. ഭാവിയിൽ ഒരു പ്രളയത്തിലും മുങ്ങുകയില്ലെന്ന് പറഞ്ഞ് 670 കോടി രൂപ മുടക്കി നിർമ്മിച്ച എ.സി. റോഡ് ബഹുമാനപ്പെട്ട മുൻമുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തതാണ്. പക്ഷേ, ആദ്യത്തെ മഴ പെയ്തപ്പോൾത്തന്നെ എ.സി. റോഡ് മുഴുവൻ വെള്ളത്തിൽ മുങ്ങിപ്പോയി. അതുകൊണ്ട് Uralungal Labour Contract Co-Operative Society ഈ ഫ്ലൈ ഓവറിന്റെ നിർമ്മാണം നടത്തുന്നതിൽ ഞങ്ങൾക്ക് ആശങ്കയുണ്ട്. അതുപോലെ അവരുണ്ടാക്കിയ തടസ്സങ്ങളിൽ, ചങ്ങനാശ്ശേരിയിലെ ആവണി എന്ന സ്ഥലത്ത് ജനങ്ങൾക്ക്

കുടിവെള്ളം എത്തിക്കുന്നതിനുള്ള പൈപ്പിടാൻ സാധിക്കാത്ത ഒരു അവസ്ഥയുമുണ്ട്. ഒരു മണ്ഡലത്തിലെ ജനപ്രതിനിധിയെന്ന നിലയിൽ ഈ പദ്ധതി നഷ്ടപ്പെടാനോ വീണ്ടും വർഷങ്ങളോളം വൈകാനോ ഞാൻ ആഗ്രഹിക്കുന്നില്ല. പുതിയ ഒരു ഏജൻസിയെ കൊണ്ടുവരുമ്പോഴുണ്ടാകുന്ന സമയനഷ്ടത്തെക്കുറിച്ചും എനിക്ക് ബോധ്യമുണ്ട്. വികസനം നടക്കണം, എന്നാൽ ജനങ്ങളുടെ ദുരിതം അവസാനിക്കുകയും വേണം. അതുകൊണ്ട് മറ്റൊരു ദുരനുഭവംകൂടി ഉണ്ടാകാതിരിക്കാൻ ഈ ഫൈൽ ഓവർ ചങ്ങനാശ്ശേരി SH ജങ്ഷനുശേഷമുള്ള സ്ഥലത്തേക്ക് നീട്ടിനൽകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അപേക്ഷിക്കുകയാണ്. ചങ്ങനാശ്ശേരിയിൽ ദീർഘവീക്ഷണമില്ലാതെ നിർമ്മിച്ച ഒരു പഴയ പാലമാണ് കെ. സി. പാലം. ഇതുമൂലം ഇന്നും ജനങ്ങൾ വലിയ ദുരിതം അനുഭവിക്കുന്നുണ്ട്. ഈ പാലം കാരണം വെള്ളപ്പൊക്കം ഉണ്ടാകുന്ന സമയങ്ങളിൽ കുട്ടനാട്ടിലുള്ള ആളുകൾക്ക് ചങ്ങനാശ്ശേരിയിലേക്ക് എത്താൻ സാധിക്കുകയില്ല. ഇപ്പോൾ ഈ പാലം പൊളിച്ചുമാറ്റാൻ പോകുകയാണ്. ഇതുപോലെ ഒരു ദുരവസ്ഥ ഇനി ഉണ്ടാകരുത്. പുതിയ

തലമുറകൾക്കുവേണ്ടിയാണ് പാലങ്ങളും റോഡുകളും നമ്മൾ നിർമ്മിക്കുന്നത്. അഞ്ച് വർഷത്തേക്കല്ലാതെ അൻപത് വർഷത്തേക്കുള്ള ഒരു ദീർഘവീക്ഷണത്തിൽ ഇത്തരം പ്രവൃത്തികൾ ചെയ്യണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്. ഇരുപത്തിയഞ്ചോ മുപ്പതോ വർഷങ്ങൾക്കുശേഷം നമ്മുടെ പുതിയ തലമുറ പുതുതായി നിർമ്മിക്കുന്ന ഫ്ലൈ ഓവർ പൊളിക്കേണ്ട അവസ്ഥ വരാതെ SH ജങ്ഷന് അപ്പുറത്തേക്ക് മാറ്റി ഇതിന്റെ ദൈർഘ്യം 0.5 കി.മീ. കൂടി നീട്ടി നൽകണമെന്ന് ഞാൻ അഭ്യർഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): സർ, ബഹുമാനപ്പെട്ട ചങ്ങനാശ്ശേരി എം.എൽ.എ. ശ്രീ. വിനു ജോബ് കുഴിമണ്ണിൽ സൂചിപ്പിച്ച കാര്യങ്ങളൊക്കെ ശരിയാണ്. KIIFB (Kerala Infrastructure Investment Fund Board) ഫണ്ടുപയോഗിച്ച് Special Purpose Vehicle (SPV)-ആയി RBDC (Roads and Bridges Development Corporation of Kerala)-യാണ് ചങ്ങനാശ്ശേരിയിലെ ഫ്ലൈ ഓവർ നിർമ്മിക്കുന്നത്. ചങ്ങനാശ്ശേരി ബൈപാസ് റോഡിൽ കാന്താരി റസ്റ്റോറന്റ്സ് & ബാങ്ക്വെറ്റ്സ് എന്ന ഭക്ഷണശാലയുടെ സമീപം ആരംഭിച്ച് റെയിൽവേ ജങ്ഷന്

Submission

മുകളിലൂടെ SH ജങ്ഷന് 150 മീറ്റർ മുമ്പായി അവസാനിക്കുന്ന രൂപത്തിലാണ് ഇതിന്റെ അലൈൻമെന്റ് വിഭാവനം ചെയ്തിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച പ്രശ്നം ഇതാണ്. ഈ പദ്ധതിയുടെ പ്രശ്നം എന്നുപറയുന്നത് ആവശ്യമില്ലാത്ത തീരുമാനങ്ങളാണ്. പദ്ധതിക്കുവേണ്ടി ടെൻഡർ നൽകുകയും ടെൻഡറെടുത്ത കോൺട്രാക്ടർ മൂന്ന് മാസത്തിനകം പദ്ധതിയുടെ ഡിസൈൻ നൽകുകയുമാണ് വേണ്ടത്. ലോകത്ത് എവിടെയെങ്കിലും ഇങ്ങനെ കേട്ടിട്ടുണ്ടോ, ഒരു ഫൈ്ല ഓവർ പദ്ധതിക്കുവേണ്ടി ആദ്യം അതിന്റെ ഡിസൈനും പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയതിനുശേഷമല്ലേ നിർമ്മാണം ടെൻഡർ ചെയ്യാൻ പാടുള്ളൂ. DBT, Design, Build & Transfer എന്ന വ്യവസ്ഥയിലാണ് ഈ പദ്ധതിയുടെ കരാർ നൽകിയിരിക്കുന്നത്. ആദ്യം ഈ കരാർ പൊളിച്ചെഴുതുകയാണ് വേണ്ടത്, എങ്കിൽ മാത്രമെ ഈ പദ്ധതി നടപ്പാകുകയുള്ളൂ. 07-11-2025-ൽ 61.54 കോടി രൂപയ്ക്കാണ് ULCC (Uralungal Labour Contract Co-Operative Society) കരാർ ഒപ്പുവച്ചത്. നിലവിൽ പ്രവൃത്തി ഡിസൈൻ ഘട്ടത്തിലാണ്. എഗ്രിമെന്റ് വച്ച്

മൂന്നുമാസത്തിനുള്ളിൽ ഡിസൈൻ നൽകണമെന്നതാണ് കരാറിലെ പ്രൊവിഷൻ. 11 മാസങ്ങൾ കഴിഞ്ഞുവെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല, ഇതുവരെ ഡിസൈൻ നൽകിയിട്ടുമില്ല. ഇതൊക്കെയാണ് ഈ പദ്ധതിയിലെ പ്രശ്നങ്ങൾ. മറ്റൊരു കാര്യം ടി സ്ഥലത്തെ മണ്ണ് പരിശോധന ആരംഭിച്ചതേയുള്ളൂ. KIIFB പറഞ്ഞ മറ്റൊരു കാര്യം PWD-യിൽനിന്നും ബൈപ്പാസ് ചെയ്ത് KIIFB ഉദ്യോഗസ്ഥർ പദ്ധതിയുടെ ഡിസൈനിൽ മാറ്റം വരുത്തണമെന്നാണ്. അങ്ങനെ ചെയ്യുമ്പോൾ അന്തിമ ഡിസൈൻ നൽകുന്നതിലും കാലതാമസമുണ്ടാകും. ഇക്കാര്യങ്ങളൊക്കെ പ്രവൃത്തി അറേഞ്ച് ചെയ്യുന്നതിനുമുമ്പ് ചെയ്താൽ മതിയാകുമായിരുന്നു, അതുണ്ടായില്ല. ഈ പ്രശ്നത്തിന് പരിഹാരമെന്നുപറയുന്നത് ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ കരാർ ഒപ്പിടുകയും തുടർ നടപടികൾ ആരംഭിക്കുകയും ചെയ്ത സാഹചര്യത്തിൽ അലൈൻമെന്റ് പരിഷ്കരിക്കുന്നതുമൂലം ഫ്ലൈ ഓവറിന്റെ നീളം ഏകദേശം 350 മീറ്റർ വർധിപ്പിക്കുകയെന്നതാണ്. അങ്ങനെ നീളം വർധിപ്പിക്കണമെങ്കിൽ ഇക്കാര്യത്തിൽ പഠനം നടത്തുകയും റിവൈസ്ഡ് എ.എസ്.-ഉം ഫിനാൻഷ്യൽ സാങ്ഷനും കൂടാതെ പുതിയ ഭൂമി

ഏറ്റെടുക്കുകയും വേണം. ഈ വിഷയത്തിലെ ബുദ്ധിമുട്ടുകൾ ബഹുമാനപ്പെട്ട എം.എൽ.എ. മുമ്പ് സൂചിപ്പിച്ചിരുന്നു. മാത്രമല്ല, മറ്റൊരു കാര്യം NH 183-നെ നിർദിഷ്ട നാലുവരി പാതയാക്കി widening ചെയ്യുന്നതുമായി ബന്ധപ്പെട്ട അലൈൻമെന്റ് ചങ്ങനാശ്ശേരി ബൈപ്പാസിലൂടെ കടന്നുപോകാൻ സാധ്യതയുണ്ടെന്നാണ് അറിയാൻ കഴിയുന്നത്. NH 183 നാല് വരിപ്പാതയായി നിർമ്മിക്കുമ്പോൾ ഫ്ലൈ ഓവർ രണ്ട് വരിയായി നിർമ്മിക്കുന്നത് ഉചിതമായിരിക്കില്ല. ആയതിനാൽ പ്രസ്തുത വിഷയത്തിൽ NHAI-യെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും എം.എൽ.എ.-യെയും വിളിച്ചുചേർത്ത് ചർച്ച നടത്തി ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കാതെയും ഗതാഗത തടസ്സമില്ലാതെയും പ്രയോഗികമായ ഒരു തീരുമാനത്തിലേക്ക് എത്താമെന്നാണ് പറയാനുള്ളത്.

(14) <u>കേരള സ്റ്റാമ്പ് ആക്ടിന്റെ ഭേദഗതി</u>

<u>ശ്രീ. കെ. പി. നൗഷാദ് അലി</u>: സർ, കേരളത്തിലെ രജിസ്ട്രേഷൻ വകുപ്പ് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നമ്മുടെ ഖജനാവിലേക്ക് സംഭാവന ചെയ്ത തുക 1367 കോടി രൂപയാണെന്നാണ് കണക്കുകൾ

പറയുന്നത്. അതിൽ 1019 കോടി രൂപയും സ്റ്റാമ്പ് ഡ്യൂട്ടി വരുമാനത്തിലൂടെയാണ് സർക്കാരിന് ലഭിച്ചിട്ടുള്ളത്. കേരളത്തിലെ നിയമപ്രകാരമുള്ള സ്റ്റാമ്പ് ഡ്യൂട്ടിയെന്നാൽ Conveyance sale deed-നും Gift Non family sale deed-നും 8 ശതമാനവും Gift charity sale deed-ന` 4 ശതമാനവും Settlement deed-ന് 5 ശതമാനവും Charity settlement deed-ന് 2.5 ശതമാനവുമാണ്. സ്റ്റാമ്പ് ഡ്യൂട്ടിയുടെ ശതമാന കണക്കുകളും വരുന്ന രജിസ്ട്രേഷനുകൾ ഏത് ഗണത്തിൽപ്പെടുന്നുവെന്ന് തീരുമാനിക്കുന്നതും ജില്ലാ കളക്ടർ പ്രതിനിധീകരിച്ചുകൊണ്ടുള്ള ജില്ലാ രജിസ്ട്രാർമാരാണ്. 1959-ലെ കേരള സ്റ്റാമ്പ് ആക്ടിന്റെ സെക്ഷൻ 31 പ്രകാരമുള്ള അഡ്ജ്യൂഡിക്കേഷനിലൂടെയാണ് രജിസ്ട്രാർമാർ സ്റ്റാമ്പ് ഡ്യൂട്ടി നടപ്പാക്കുന്നത്. ഇപ്രകാരം ചെയ്യുന്ന അവസരത്തിൽ പലപ്പോഴും സർക്കാരിന്റെ താല്പര്യങ്ങൾക്ക് ഹാനി വരുന്ന ചില സാഹചര്യങ്ങളുണ്ടാകുന്നതായി വ്യാപകമായ സംശയങ്ങൾ ഉണ്ടാകാറുണ്ട്. അക്കാര്യം പരിശോധിക്കാനോ അഡ്ജ്യൂഡിക്കേഷൻ പ്രക്രിയയിൽ സർക്കാരിന് ഒരു പുനഃപരിശോധനാ ഹർജി നൽകാനോ സെക്ഷൻ 31-ൽ

യാതൊരു പഴുതുകളുമില്ല. ഇത് പ്രത്യേകം താരതമ്യപ്പെടുത്തേണ്ടത് ഏറ്റവും പുതിയ സാമ്പത്തിക നികുതി സേവന നിയമമായ CGST-യിലെ 107-ാം വകുപ്പ് പ്രകാരം സർക്കാരിന്റെ താല്പര്യങ്ങൾക്ക് കോട്ടമുണ്ടാകുന്നപക്ഷം സർക്കാരിന് പുനഃപരിശോധനാ ഹർജികൾ നൽകാനുള്ള അവസരമുണ്ട്. എന്നാൽ ഇതിൽ അവസരമുണ്ടാകാതെ പോകുകയാണ്. അതുപോലെ ഒരു അക്കൗണ്ടബിലിറ്റിയുമില്ലാതെയാണ് പലപ്പോഴും ജില്ലാ രജിസ്ട്രാർമാർ സ്റ്റാമ്പ് ഡ്യൂട്ടി നിർവഹിക്കപ്പെടുന്നതെന്നൊരു ആക്ഷേപത്തിന് അടിവരയിടുന്ന സാഹചര്യം നമ്മുടെ മുമ്പിലുണ്ട്. ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷന് ഒരു പ്രത്യേക റിവ്യൂ സംവിധാനം മുഖേന ഒരു ഓട്ടോമാറ്റിക് ഇലക്ട്രോണിക് അപ്ഡേഷൻ ഈ വിഷയത്തിൽ ജില്ലാ രജിസ്ട്രാർമാരുടെയും തീരുമാനത്തിലുണ്ടാകുന്നത് നമുക്ക് ഗുണം ചെയ്യും. അതുപോലെ ഒരു കേന്ദ്രീകൃത ഡാറ്റാ ബേസുണ്ടാക്കിയാൽ ഏതൊക്കെ തരത്തിലാണ് സ്റ്റാമ്പ് ഡ്യൂട്ടി നടന്നിട്ടുള്ളത് എന്നതിനെക്കുറിച്ചുള്ള ധാരണ നമുക്ക് ലഭിക്കും. ഇത്തരത്തിലുള്ള അഴിച്ചുപണികൾ സ്റ്റാമ്പ് ഡ്യൂട്ടി ആക്ടിൽ വേണം, അത് സർക്കാരിന്റെ വരുമാനം വർധിപ്പിക്കും. ഒരു കാര്യംകൂടി സൂചിപ്പിക്കാനുള്ളത്,

Submission

1959-ലെ കേരള സ്റ്റാമ്പ് ആക്ടിലെ 54(2), 54(3) എന്നിവ പ്രകാരം അഡ്ജ്രൂഡിക്കേഷൻ അധികാരി ചില നിർദേശങ്ങളും ഉപദേശങ്ങളും തേടണമെന്ന് പരാമർശിക്കുന്നുണ്ട്. ഇതൊരു അഡ്ജ്രൂഡിക്കേഷൻ സങ്കൽപത്തിന് എതിരാണ്, ക്വാസി ജ്രൂഡീഷ്യൽ ഇടപെടലാണ് അഡ്ജ്രൂഡിക്കേഷനിലൂടെ നടക്കുന്നത്. ഇത്തരത്തിലുള്ള കൂടിയാലോചനകൾ നടത്തണമെന്ന നിർദേശം സങ്കൽപത്തിന് വിരുദ്ധമാണ്. ഇത്തരത്തിലുള്ള അശാസ്ത്രീയതകൾ പരിഹരിച്ചുകൊണ്ട് അതിനെ കുറ്റമറ്റതാക്കി സർക്കാരിന് വരുമാനം വർധിപ്പിക്കാനുള്ള ഇടപെടലുകൾ ഉണ്ടാകണമെന്ന് അഭ്യർഥിക്കുകയാണ്.

കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പുമന്ത്രി (ശ്രീ. ഒ. ജെ. ജനീഷ്): സർ, 1959-ലെ കേരള സ്റ്റാമ്പ് ആക്ടിലെ 31-ാം വകുപ്പ് പ്രകാരം ആധാരത്തിന് ബാധകമായ മുദ്രവില സംബന്ധിച്ച് കളക്ടറുടെ അല്ലെങ്കിൽ ജില്ലാ രജിസ്ട്രാറുടെ അഭിപ്രായം അറിയുന്നതിനായി ഏതൊരാൾക്കും പ്രസ്തുത ആധാരം ഹാജരാക്കി നിശ്ചിത ഫീസ് ഒടുക്കി അപേക്ഷിക്കാവുന്നതും അപ്രകാരം അപേക്ഷ ലഭിക്കുന്നപക്ഷം

കളക്ടർ അല്ലെങ്കിൽ ജില്ലാ രജിസ്ട്രാർ പ്രസ്തുത ആധാരത്തിന് ബാധകമായ മുദ്രവില സംബന്ധിച്ച് തന്റെ തീർപ്പ് നൽകേണ്ടതുമാണ്. ഈ നടപടിയുടെ അടിസ്ഥാന ലക്ഷ്യം ഒരു ആധാരത്തെ സംബന്ധിച്ച് അതിന്റെ ശരിയായ മുദ്രവില എത്രയെന്നത് ബന്ധപ്പെട്ട വ്യക്തിക്ക് ആധികാരികമായി അറിയുന്നതിനുള്ള അവസരം ലഭ്യമാക്കുക എന്നുള്ളതാണ്. ആക്ടിലെ 31-ാം വകുപ്പ് പ്രകാരമുള്ള നടപടിയിൽ സ്റ്റാമ്പ് ഡ്യൂട്ടി സംബന്ധിച്ച കളക്ടറുടെ അല്ലെങ്കിൽ ജില്ലാ രജിസ്ട്രാറുടെ തീർപ്പിനോട് അപേക്ഷകൻ യോജിക്കുന്നില്ലെങ്കിൽ അപേക്ഷകന് അത് സ്വീകരിക്കാതിരിക്കാവുന്നതാണ്. കളക്ടറുടെ അഭിപ്രായം സ്വീകരിക്കുന്നത് നിർബന്ധിതമാക്കുന്ന യാതൊരു വ്യവസ്ഥയും പ്രസ്തുത വകുപ്പിലില്ല. കളക്ടറുടെയോ ജില്ലാ രജിസ്ട്രാറുടെയോ അഭിപ്രായത്തോട് വിയോജിക്കുന്ന പക്ഷം തന്റെ അപേക്ഷയിന്മേൽ തുടർ നടപടികൾ സ്വീകരിക്കാതിരിക്കാനും ആധാരം പിൻവലിക്കാനും അപേക്ഷകന് സാധിക്കും. തുടർന്ന് അപേക്ഷകന് തന്റെ അനുമാനം അനുസരിച്ച് നിയമാനുസൃതമായി ആവശ്യമായ സ്റ്റാമ്പ് ഡ്യൂട്ടി അടച്ച് ആധാരം ഉപയോഗിക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കാവുന്നതുമാണ്. എന്നാൽ ഈ പ്രവൃത്തിയിലൂടെ പ്രസ്തുത ആധാരത്തിന് യഥാർഥത്തിൽ ബാധകമായ സ്റ്റാമ്പ് ഡ്യൂട്ടി സംബന്ധിച്ച് നിയമപരമായ ബാധ്യതകൾ ഒഴിവാകുന്നില്ല. ഈ ആധാരം പിന്നീട് രജിസ്ട്രേഷനായി സമർപ്പിക്കുകയോ നിയമപരമായ ആവശ്യത്തിന് ഉപയോഗിക്കുകയോ ചെയ്യുന്ന സാഹചര്യത്തിൽ ബാധകമായ നിയമവ്യവസ്ഥകൾ പ്രകാരം തന്നെ അതിന്റെ സ്റ്റാമ്പ് ഡ്യൂട്ടി പരിശോധിക്കപ്പെടുന്നതും ആധാരം മതിയായ മുദ്രവില ചുമത്തിയിട്ടുള്ളതല്ലെന്ന് കാണുന്നപക്ഷം 1959-ലെ കേരള മുദ്രപത്ര നിയമത്തിലെ 33-ാം വകുപ്പ് പ്രകാരമുള്ള ബന്ധവസ്സ് നടപടികൾക്ക് വിധേയമാക്കി പ്രസ്തുത ആധാരത്തിന്മേൽ കുറവ് മുദ്രവിലയും അധികമായി രജിസ്ടാർ നിശ്ചയിക്കുന്ന പിഴയും ഒടുക്കേണ്ടിവരുന്നതുമാണ്. അതിനാൽ 31-ാം വകുപ്പ് പ്രകാരമുള്ള അഡ്ജ്യൂഡിക്കേഷൻ അപേക്ഷകന് തന്റെ ആധാരത്തിന്റെ മുദ്രവില സംബന്ധിച്ച സംശയദൂരീകരണത്തിന് സഹായിക്കുന്ന സംവിധാനമാണെന്നും സ്റ്റാമ്പ് ഡ്യൂട്ടി സംബന്ധിച്ച നിയമപരമായ ബാധ്യതകളിൽനിന്നുള്ള പൊതുവായ ഒഴിവല്ല എന്നും

കാണാവുന്നതാണ്. ആയതിനാൽ തന്നെ റവന്യൂ നഷ്ടം ഉണ്ടാകുന്നുവെന്ന് കണക്കാക്കാൻ കഴിയില്ല. 2025-26 സാമ്പത്തിക വർഷത്തിൽ ഇവിടെ സൂചിപ്പിച്ച കണക്കിൽ ഒരു പിശകുണ്ട്. 2025-26 സാമ്പത്തിക വർഷത്തിൽ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ 4405.13 കോടി രൂപയും രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ 1567.1 കോടി രൂപയുമടക്കം 5972.15 കോടി രൂപ രജിസ്ട്രേഷൻ വകുപ്പ് സമാഹരിച്ചിട്ടുള്ളതാണ്. അഡ്ജ്യൂഡിക്കേഷനുമായി ബന്ധപ്പെട്ട് അഡ്ജ്യൂഡിക്കേഷനായി ലഭിക്കുന്ന ഏതെങ്കിലുമൊരു ആധാരത്തിന്റെ ശരിയായ മുദ്രവില സംബന്ധിച്ച് കളക്ടർ ജില്ലാ രജിസ്ട്രാർക്ക് സംശയമുള്ള പക്ഷം അത് സർക്കാരിലേക്കോ സർക്കാർ നിശ്ചയിക്കുന്ന അതോറിറ്റിയിലേക്കോ റഫർ ചെയ്യാവുന്നതാണെന്ന് 54(2)-ാം വകുപ്പിലും സർക്കാരിനോ മേല്പറഞ്ഞ അതോറിറ്റിക്കോ ഈ കേസുകളോ മറ്റുവിധത്തിൽ ലഭിച്ചിട്ടുള്ള കേസുകളോ ഹൈക്കോടതിയിലേക്ക് റഫർ ചെയ്യാവുന്നതാണെന്നും ഹൈക്കോടതിയുടെ മൂന്നംഗ ബെഞ്ച് ഈ റഫറൻസ് പരിഗണിക്കണമെന്നും 55-ാം വകുപ്പിലും വ്യവസ്ഥ ചെയ്തിരിക്കുന്നത് സങ്കീർണങ്ങളായ സാഹചര്യങ്ങളിലും ശരിയായ മുദ്രവില സംബന്ധിച്ച്

ഉചിതമായ തീർപ്പ് ലഭ്യമാക്കുന്നതിലേക്കുമാണ്. 54, 55 എന്നീ വകുപ്പുകളിലെ റിവിഷൻ ഐച്ഛികമാണ്. മുദ്രവില നിർണ്ണയം നടത്തുന്നത് അതോറിറ്റിക്ക് സംശയമുണ്ടായാൽ ആധികാരികമായ തീർപ്പുണ്ടാക്കുന്നതിന് വേണ്ടി മാത്രമാണ് അത്തരത്തിലുള്ള സംവിധാനം ഒരുക്കിയിട്ടുള്ളത്. അതല്ലാതെ അഡ്ജ്യൂഡിക്കേഷൻ നടത്തുന്ന ഉദ്യോഗസ്ഥന്റെ സ്വതന്ത്ര്യമായ പ്രവർത്തനത്തെ ഒരു തരത്തിലും തടയുന്ന വ്യവസ്ഥയോ മേൽവിവരിച്ച അതോറിറ്റികളെ ഉചിത മുദ്രവില നിർണ്ണയ പ്രക്രിയയിൽനിന്നും ഏതെങ്കിലും തരത്തിൽ ഇടപെടാൻ അനുവദിക്കുന്ന വ്യവസ്ഥയുമാണെന്ന് കണക്കാക്കാൻ സാധിക്കില്ല. 31-ാം വകുപ്പ് പ്രകാരമുള്ള അഡ്ജ്യൂഡിക്കേഷൻ ഉത്തരവുകളുടെ നിർബന്ധിതമായ റിപ്പോർട്ടിങ് ഇതിന്റെ കേന്ദ്രീകൃത ഡാറ്റാ ബേസ് രൂപീകരണം എന്നിവ ഇപ്പോൾ നിയമവ്യവസ്ഥയിൽ നിഷ്കർഷിച്ചിട്ടില്ല. ആയതിനാൽ ബഹുമാനപ്പെട്ട അംഗം സബ്മിഷൻ ഉന്നയിച്ച കാര്യങ്ങൾ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുന്നതും സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതുമാണ്.

(15) <u>ചോമ്പാൽ ഫിഷിങ് ഹാർബർ നവീകരണം</u>

Submission

ശ്രീമതി കെ. കെ. രമ: സർ, വടകര നിയോജകമണ്ഡലത്തിലെ ഏക ഫിഷിങ് ഹാർബറായ ചോമ്പാൽ ഹാർബർ നവീകരിക്കാത്തതുമൂലം ഉണ്ടാകുന്ന വളരെ ഗുരുതരവും അപകടകരവുമായ ഒരു സ്ഥിതിവിശേഷത്തിന് സർക്കാരിന്റെ അടിയന്തര പരിഹാരം ഉണ്ടാകുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ ഞാൻ അവതരിപ്പിക്കുന്നത്. തിക്കോടി മുതൽ ധർമ്മടം വരെയുള്ള ഏകദേശം അയ്യായിരത്തിലധികം മത്സ്യബന്ധന പരമ്പരാഗത തൊഴിലാളികളും ആയിരത്തിലധികം അനുബന്ധ തൊഴിലാളികളും ഉപജീവനം നടത്തുന്ന ഒരു ഹാർബറാണിത്. പ്രസ്തുത ഹാർബർ നിലവിൽ വന്നിട്ട് ഏകദേശം 35 വർഷത്തോളമായി. നിലവിൽ വന്നതിനുശേഷം ഇവിടെ കാര്യമായ ഒരു നവീകരണ പ്രവർത്തനങ്ങളും നടത്തിയിട്ടില്ല. പ്രസ്തുത വിഷയം പതിനഞ്ചാം നിയമസഭയിൽ സബ്മിഷൻ ആയിട്ടും നിവേദനങ്ങളായിട്ടുമൊക്കെ പലതവണ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. എന്നാൽ ഒരു നടപടിയും അതിന്റെ ഭാഗമായി സ്വീകരിച്ചിട്ടില്ല. കർണ്ണാടകയിൽനിന്നും തമിഴ്നാട്ടിൽ നിന്നുമൊക്കെ മത്സ്യത്തൊഴിലാളികൾ ഇവിടെ വരികയും അവിടേക്ക് മത്സ്യം കയറ്റി

അയയ്ക്കുകയും ചെയ്യുന്ന ഒരു പ്രധാനപ്പെട്ട ഹാർബർ കൂടിയാണിത്. ഇവിടത്തെ മത്സ്യത്തൊഴിലാളികൾ വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്. ഹാർബറിൽനിന്ന് മത്സ്യം കയറ്റിപ്പോകുന്നതിനോ അവിടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനോ ഒന്നും സൗകര്യമില്ല. വലിയ വീർപ്പുമുട്ടൽ അവിടെ അനുഭവപ്പെടുകയാണ്. ധാരാളം പണം കൊടുത്തുകൊണ്ട് നേരത്തെ ഒരു ഐസ് പ്ലാന്റും ഗ്യാസ് പ്ലാന്റുമൊക്കെ സ്ഥാപിച്ചിരുന്നു. പക്ഷേ അതൊക്കെ ഇന്ന് നശിച്ചുപോകുകയാണ്. അതിലൊന്നും നവീകരണ പ്രവൃത്തികൾ ഉണ്ടായിട്ടില്ല. മത്സ്യത്തൊഴിലാളികൾക്ക് വല നെയ്യുന്നതിനോ അവരുടെ ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള ലോക്കർ റൂമുകളോ ഒന്നും അവിടെയില്ല. അതിന്റെയൊക്കെ അപര്യാപ്തത വലിയതോതിൽ അവിടത്തെ മത്സ്യത്തൊഴിലാളികൾ അനുഭവിക്കുകയാണ്. അവിടെ ഡ്രെഡ്ജിങ് നടത്തിയിട്ട് ആറ് വർഷമായി എന്നത് മറ്റൊരു ഗുരുതരമായ വിഷയമാണ്. ഡ്രെഡ്ജിങ് നടത്താത്തതുമൂലം വള്ളങ്ങൾക്ക് കരയിലേക്ക് വരാൻ സാധിക്കുന്നില്ല. എപ്പോഴും വള്ളം മറിഞ്ഞ് അപകടങ്ങൾ ഉണ്ടാകുന്നത്

പതിവായി മാറുകയാണ്. ഇതൊക്കെ പലതവണ സൂചിപ്പിച്ചിട്ടും ഒരു നടപടിയും ഉണ്ടായിട്ടില്ല. മത്സ്യത്തൊഴിലാളികൾക്ക് അപകടമുണ്ടാകുമ്പോൾ അവരെ എടുത്ത് കരയിലേക്ക് വന്നാൽ അവർക്ക് പ്രാഥമിക ശുശ്രൂഷ നൽകാനുള്ള ഹെൽത്ത് സെന്റർ പോലും ഇല്ലാത്തത് പരിതാപകരമാണ്. രാത്രികാലങ്ങളിൽ ലൈറ്റോ സി.സി.ടി.വി.-യോ മറ്റ് സംവിധാനങ്ങളോ ഒന്നുമില്ല. മയക്കുമരുന്ന് ഉൾപ്പെടെയുള്ള വലിയ ബുദ്ധിമുട്ടുകൾ ഈ ഹാർബർ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ സംവിധാനങ്ങളൊന്നുമില്ലാതെ അങ്ങേയറ്റം പരിതാപകരമായൊരു അവസ്ഥയിലേക്ക് ഒരു ഫിഷിങ് ഹാർബർ പോകുന്ന ഒരു അവസ്ഥയാണ് വടകര നിയോജകമണ്ഡലത്തിലുള്ളത്.

മറ്റൊരു ഗുരുതരമായ വിഷയം, നിലവിൽ NH 66-ന്റെ നിർമ്മാണപ്രവർത്തനത്തിന്റെ ഭാഗമായി ഹാർബറിലേക്ക് വാഹനങ്ങൾ വരുന്നതിനും തിരിച്ചുപോകുന്നതിനും ആവശ്യമായ സൗകര്യം അവിടെയില്ല. അവിടെയൊരു അണ്ടർ പാസ്സോ മേൽപ്പാലമോ ഇല്ലാത്തതിന്റെ ഭാഗമായി ഗുരുതര അവസ്ഥ നിലനിൽക്കുകയാണ്. അതിന്റെ ഭാഗമായി ഏതാണ്ട്

Submission

126-ഓളം ദിവസമായി പ്രദേശവാസികൾ സമരം നടത്തുകയാണ്. പക്ഷേ ഈ സമരത്തിനൊന്നും ഒരു ഫലവുമുണ്ടായിട്ടില്ല. 200 മീറ്റർ അപ്പുറത്താണ് ഒരു അടിപ്പാതയുള്ളത്. മീൻ കയറ്റിപ്പോകുന്ന വലിയ വാഹനങ്ങൾക്ക് ഈ അടിപ്പാതയിലൂടെ പോകാനുള്ള യാതൊരു സൗകര്യവുമില്ല. അങ്ങനെ എല്ലാ തരത്തിലും ബുദ്ധിമുട്ടുകൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരു ഹാർബറാണ് ചോമ്പാൽ ഹാർബർ. ഇക്കാര്യത്തിൽ അടിയന്തരമായ ശ്രദ്ധ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും ഭാഗത്തുനിന്നുണ്ടാക്കണം. ഇത് പരിഹരിക്കുന്നതിനാവശ്യമായ അടിയന്തര ഇടപെടൽ ഉണ്ടായിട്ടില്ലെങ്കിൽ പ്രസ്തുത ഹാർബർ നശിച്ചുപോകുന്ന സാഹചര്യമുണ്ടാകും. മത്സ്യത്തൊഴിലാളികൾ വലിയ ബുദ്ധിമുട്ട് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. പ്രസ്തുത വിഷയത്തിൽ അടിയന്തരമായൊരു പരിഹാരം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർഥിക്കാനുള്ളത്.

മത്സ്യബന്ധനം-സാമൂഹ്യനീതി വകുപ്പുമന്ത്രി (ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ): സർ, ചോമ്പാൽ മത്സ്യബന്ധന തുറമുഖത്തിന്റെ സമഗ്ര

നവീകരണത്തിനായി Fisheries and Aquaculture Infrastructure Development Fund (FIDF) പദ്ധതിയിലുൾപ്പെടുത്തി 36 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖ ഹാർബർ എഞ്ചിനീയറിങ് വകുപ്പ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ആയത് നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത പദ്ധതിയിൽ ഹാർബറിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും മത്സ്യബന്ധന പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും സുരക്ഷ ഉറപ്പാക്കുന്നതിനുമായി വിവിധ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഹാർബറിലെ പാർക്കിങ് സൗകര്യവും മത്സ്യബന്ധന യാനങ്ങളിൽനിന്ന് മത്സ്യം വാഹനങ്ങളിൽ കയറ്റുന്നതിനുള്ള സൗകര്യവും മെച്ചപ്പെടുത്തുന്നതിനായി പാർക്കിങ് ഏരിയയിൽ കോൺക്രീറ്റ് റോഡും നിർമ്മിക്കുന്നതിനുള്ള പ്രവൃത്തി കൂടാതെ ഹാർബറിൽ കൂടുതൽ സ്ഥലസൗകര്യം ലഭ്യമാക്കുന്നതിനായി 7975 ചതുരശ്ര മീറ്റർ ഭൂമി റിക്ലമേഷൻ നടത്തുന്നതിനുള്ള പ്രവൃത്തിയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മത്സ്യബന്ധനയാനങ്ങളുടെ സുരക്ഷിതമായ ബെർത്തിങ്ങിനും യാനങ്ങളിൽനിന്ന് മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന വലകളും മറ്റ്

ഉപകരണങ്ങളും കയറ്റുന്നതിനും സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി 430 മീറ്റർ നീളത്തിൽ ലോ ലെവൽ ജെട്ടി നിർമ്മിക്കുന്നതിനും നിലവിലുള്ള ബ്രേക്ക് വാട്ടറുകളുടെ സ്ഥിരത ഉറപ്പാക്കുന്നതിനും മത്സ്യബന്ധന യാനങ്ങൾക്ക് സുരക്ഷിതമായ ബെർത്തിങ് സൗകര്യം ലഭ്യമാക്കുന്നതിനുമായി ആകെ 593 മീറ്റർ നീളത്തിൽ ബ്രേക്ക് വാട്ടർ റിപ്ലെനിഷ്മെന്റ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി രണ്ട് നെറ്റ് മെൻഡിങ് ഷെഡുകൾ, മത്സ്യബന്ധന ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനായി ലോക്കർ റൂമുകൾ, ഷോപ്പ് റൂമുകൾ, ടോയ്ലെറ്റ് ബ്ലോക്ക്, നിലവിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, മലിനജല സംസ്കരണ പ്ലാന്റിന്റെ അറ്റകുറ്റപ്പണികൾ, പ്രഷർ വാഷർ സംവിധാനം, ഹാർബറിന്റെ സുരക്ഷയും നിരീക്ഷണവും ഉറപ്പാക്കുന്നതിനുള്ള സർവയലൻസ് സംവിധാനം, രാത്രികാലങ്ങളിൽ മതിയായ വെളിച്ചം ലഭ്യമാക്കുന്നതിനുള്ള മിനി മാസ്റ്റ് ലൈറ്റുകൾ, ഡീസൽ ജനറേറ്ററുകൾ, സോളാർ സംവിധാനം എന്നിവയും സ്മാർട്ട് ഗ്രീൻ ഘടകങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിക്ക് FIDF പദ്ധതിയിൽനിന്ന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി ഏർപ്പാടാക്കി

Submission

ചോമ്പാൽ മത്സ്യബന്ധന ഇറമുഖത്തിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുകയും ആധുനിക കാലഘട്ടത്തിന് അനുയോജ്യമായ വിധം ആധുനികവൽക്കരിക്കുകയും ചെയ്യുന്നതാണ്. ചോമ്പാൽ മത്സ്യബന്ധന ഇറമുഖത്തിലെ നാവിഗേഷൻ ചാനലിന്റെയും ബേസിന്റെയും ആവശ്യമായ ആഴം ഉറപ്പാക്കുന്നതിനായി പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) പദ്ധതിയെ ഉൾപ്പെടുത്തി ഡ്രെഡ്ജിങ് നടത്തുന്നതിനുള്ള 486 ലക്ഷം രൂപയുടെ പദ്ധതി രൂപരേഖ ഹാർബർ എഞ്ചിനീയറിങ് വകുപ്പ് സമർപ്പിച്ചിരുന്നു. തുടർന്ന് 4-12-2025-ന് നടന്ന എസ്.എൽ.എ.എം.സി. (State Level Approval and Monitoring Committee) യോഗത്തിൽ പ്രസ്തുത പ്രൊപ്പോസൽ ശിപാർശ ചെയ്ത് 19-01-2026-ൽ അംഗീകാരത്തിനായി നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന് സമർപ്പിച്ചിരുന്നു. 20-02-2026-ൽ നടന്ന PMMSY പ്രോജക്ട് അപ്രൈസൽ കമ്മിറ്റി യോഗം, പ്രസ്തുത പ്രൊപ്പോസൽ ശിപാർശ ചെയ്ത് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയതിന്മേൽ കേന്ദ്ര സർക്കാരിൽനിന്ന് തുടർ അറിയിപ്പുകളൊന്നും ലഭിച്ചിട്ടില്ല. പുതിയ ലോക്കർ

റൂമുകളുടെ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി അഞ്ച് ലക്ഷം രൂപയുടെ ഭരണാനുമതി 24-10-2026-ന് ഹാർബർ എഞ്ചിനീയറിങ് വകുപ്പ് നൽകിയിട്ടുണ്ട്. ആയത് സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്ത് ഉടമ്പടി ഏർപ്പാടാക്കുന്നതാണ്. കൂടാതെ കോമ്പൗണ്ട് വാൾ, പോലീസ് എയ്ഡ് പോസ്റ്റ് എന്നീ പ്രവൃത്തികൾക്കുള്ള അംഗീകാരം പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഹാർബർ എഞ്ചിനീയറിങ് വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്ന് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ചോമ്പാൽ ഹാർബറിലെ ടൂറിസം സാധ്യതകളെക്കുറിച്ച് പഠനം നടത്തി വിശദമായ പദ്ധതി രൂപരേഖ ഹാർബർ എഞ്ചിനീയറിങ് വകുപ്പ് മുഖേന തയ്യാറാക്കുന്നതാണ്. മേൽ പ്രവൃത്തികളുടെ നടത്തിപ്പിലൂടെ ചോമ്പാൽ മത്സ്യബന്ധന തുറമുഖത്തിന്റെ സമഗ്ര വികസനം സാധ്യമാകുന്നതാണ്.